\w. 9/2016/SRG

**സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 15.02.2017- ൽ നടന്ന യോഗത്തിന്റെ നടപടി വിവരം**

യോഗം രാവിലെ **11.00** ന് ബഹു. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ ചേമ്പറിൽ ആരംഭിച്ചു.

ബഹു. മന്ത്രി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. പങ്കെടുത്തവരുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

**1 വാർഷിക പദ്ധതി അവലോകനം**

തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ **2016-17** വാർഷിക പദ്ധതി പുരോഗതി അവലോകനം ചെയ്തു. **14.02.17** വരെയുള്ള പുരോഗതി താഴെ പറയും പ്രകാരമാണ്.

1.**പദ്ധതി പുരോഗതി** 14.02.2017 **വരെ** (**ശതമാനം**)

| പദ്ധതി പുരോഗതി ശതമാനം | | | | | | | |
|---|---|---|---|---|---|---|---|
| ക്രമ നം | തദ്ദേശഭരണ സ്ഥാപനങ്ങൾ | പൊതുവിഭാഗം | എസ് .സി .എസ്.പി. | റ്റി.എസ്.പി | എഫ് .സി.ഗ്രാന്റ | ലോകബാങ്ക് വിഹിതം | ആകെ |
| 1 | ജില്ലാ പഞ്ചായത്ത് | 18.61 | 22.02 | 21.17 | 19.56 | 0.00 | 19.58 |
| 2 | ബ്ലോക്ക് പഞ്ചായതത് | 21.15 | 34.26 | 22.62 | 0.00 | 0.00 | 24.77 |
| 3 | മുനിസിപ്പാലിറ്റി | 28.22 | 14.49 | 7.83 | 12.51 | 6.79 | 17.99 |
| 4 | കോ® പ്പറേഷൻ | 21.30 | 20.10 | 0.00 | 9.57 | 0.00 | 15.65 |
| 5 | ഗ്രാമ പഞ്ചായത്ത് | 35.51 | 18.34 | 24.69 | 21.43 | 4.44 | 24.50 |
| ആകെ | | 28.14 | 21.47 | 22.64 | 16.52 | 4.77 | 22.09 |

| ക്രമ.നം | തദ്ദേശഭരണ സ്ഥാപങ്ങൾ | ശതമാനം |
|---|---|---|
| **ജില്ലാ പഞ്ചായത്തുകൾ** | | |
| 1 | എറണാകുളം | 28.4 |
| 2 | കോട്ടയം | 25.94 |
| 3 | തിരുവനന്തപുരം | 24.32 |
| 4 | ഇടുക്കി | 24.08 |
| 5 | വയനാട് | 22.22 |
| 6 | പത്തനംതിട്ട | 20.88 |
| 7 | കൊല്ലം | 20.65 |
| 8 | കാസർഗോഡ് | 20.43 |
| 9 | ആലപ്പുഴ | 19.27 |
| 10 | കോഴിക്കോട് | 19.01 |
| 11 | മലപ്പുറം | 18.5 |
| 12 | പാലക്കാട് | 17.27 |
| 13 | കണ്ണൂർ | 16.02 |
| 14 | തൃശ്ശൂർ | 3.42 |

| ക്രമ.നം | | |
|---|---|---|
| **കോർപ്പറേഷനുകൾ** | | |
| 1 | കൊല്ലം | 23.3 |
| 2 | കണ്ണൂർ | 20.05 |
| 3 | എറണാകുളം | 15.86 |
| 4 | കോഴിക്കോട് | 14.75 |
| 5 | തിരുവനന്തപുരം | 13.67 |
| 6 | തൃശ്ശൂർ | 11.51 |

| **ഏറ്റവും കൂടുതൽ ചെലവു വരുത്തിയ 10 മുനിസിപ്പാലിറ്റികൾ** | | |
|---|---|---|
| 1 | കട്ടപ്പന | 44.58 |
| 2 | ഹരിപ്പാട് | 42.92 |
| 3 | തൃക്കാക്കര | 37.79 |
| 4 | ഇരിട്ടി | 32.86 |
| 5 | താനൂർ | 30.24 |
| 6 | രാമനാട്ടുകര | 29.12 |
| 7 | ഒറ്റപ്പാലം | 28.99 |
| 8 | അങ്കമാലി | 27.06 |
| 9 | ആറ്റിങ്ങൽ | 25.19 |
| 10 | ഫെറോക്ക് | 25.15 |

| **ഏറ്റവും കുറവ് ചെലവു വരുത്തിയ 10 മുനിസിപ്പാലിറ്റികൾ** | | |
|---|---|---|
| 1 | വടക്കാഞ്ചേരി | 1.56 |
| 2 | ചേർത്തല | 3.75 |
| 3 | ചെറുപ്പളശ്ശേരി | 7.79 |
| 4 | ഈരാറ്റുപേട്ട | 8.28 |
| 5 | അടൂർ | 8.32 |
| 6 | ചാവക്കാട് | 8.34 |
| 7 | തിരൂർ | 9.15 |
| 8 | കോട്ടയ്ക്കൽ | 9.17 |
| 9 | വാളഞ്ചേരി | 9.32 |
| 10 | ചങ്ങനാശ്ശേരി | 9.38 |

| **ഏറ്റവും കൂടുതൽ ചെലവു വരുത്തിയ 10 ബ്ലോക്ക് പഞ്ചായത്തുകൾ** | | |
|---|---|---|
| 1 | പെരുമ്പടപ്പ് | 51 |
| 2 | വൈപ്പിൻ | 50.18 |
| 3 | കിളിമാനൂർ | 48.02 |
| 4 | വാമനപുരം | 46.7 |
| 5 | കഞ്ഞിക്കുഴി | 45 |
| 6 | വെള്ളനാട് | 43.34 |
| 7 | പുലിക്കീഴ് | 42.41 |
| 8 | കുന്നമ്മൽ | 42.38 |
| 9 | പെരിന്തൽമണ്ണ | 42.09 |
| 10 | പട്ടണക്കാട് | 41.91 |

| **ഏറ്റവും കുറവ് ചെലവു വരുത്തിയ 10 ബ്ലോക്ക് പഞ്ചായത്തുകൾ** | | |
|---|---|---|
| 1 | കല്പറ്റ | 2.35 |
| 2 | മാനന്തവാടി | 3.26 |
| 3 | സുൽത്താൻബത്തേരി | 4.29 |
| 4 | പനമരം | 6.46 |
| 5 | പെരുംകടവിള | 7.77 |
| 6 | ഒറ്റപ്പാലം | 8.21 |
| 7 | വടകര | 8.36 |
| 8 | ചേലന്നൂർ | 8.95 |
| 9 | മുല്ലശ്ശേരി | 9.97 |
| 10 | പമ്പാക്കട | 11.26 |

| ഏറ്റവും കൂടുതൽ ചെലവു വരുത്തിയ 10 ഗ്രാമപഞ്ചായത്തുകൾ | | |
|---|---|---|
| 1 | ഇലപ്പള്ളി | 65.4 |
| 2 | നല്ലേപ്പള്ളി | 56.88 |
| 3 | ചെമ്പിലോട് | 53.64 |
| 4 | ഷോളയാർ | 51.29 |
| 5 | കീരാംപാറ | 49.02 |
| 6 | വെട്ടം | 48.87 |
| 7 | കാഞ്ചിയാർ | 48.2 |
| 8 | എരുത്തേൻപതി | 48.2 |
| 9 | തെക്കുംഭാഗം | 47.83 |
| 10 | മുളംതുരുത്തി | 46.57 |

2

| ഏറ്റവും കുറവ് ചെലവു വരുത്തിയ 10 ഗ്രാമപഞ്ചായത്തുകൾ | | |
|---|---|---|
| 1 | തലനാട് | 3.99 |
| 2 | പണൻചേരി | 4.32 |
| 3 | മാള | 6.14 |
| 4 | അവിനിശ്ശേരി | 6.44 |
| 5 | പൂമംഗലം | 6.52 |
| 6 | മണിയൂർ | 7.19 |
| 7 | തിടനാട് | 7.29 |
| 8 | പുത്തൂർ | 7.61 |
| 9 | അനിക്കാട് | 7.73 |
| 10 | പൂക്കോട്ടുകാവ് | 8.07 |

## *2* പൊതുവിഷയങ്ങൾ

*1* നിർമ്മാണപ്രവൃത്തികൾക്ക് ബിറ്റുമിൻ ആവശ്യപ്പെടുന്ന കോൺട്രാക്ടർമാർക്ക് തദ്ദേശ ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി വാങ്ങി നൽകണമെന്ന് *01.02.2017* ലെ കോർഡിനേഷൻ കമ്മിറ്റിയിൽ തീരുമാനിച്ചിരുന്നു. ബിറ്റുമിൻ വാങ്ങി നൽകുന്നതിന് താഴെ പറയുന്ന രീതി പാലി ക്കേണ്ടതാണ്.

ഓരോ പ്രവർത്തിയുടേയും ടാറിന്റെ ആവശ്യവും അതിൽ എസ്റ്റിമേറ്റിൽ കാണിച്ചിരിക്കുന്ന തുകയും ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻ ട്രഷറിയിൽ നിന്നും പിൻവലിച്ച് സ്വന്തം സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ടിൽ സൂക്ഷിക്കണം. അതിനുശേഷം നിർവ്വഹണ ഉദ്യോഗസ്ഥൻ സെക്രട്ടറിക്ക് തുക നൽകുന്നതിന് സ്വന്തം സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ടിന്റെ ചെക്ക് നൽകണം. സെക്രട്ടറി സ്വന്തം സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ടിൽ തുക ഇട്ടതിനുശേഷം സെക്രട്ടറിയുടെ ചെക്ക് ഓയിൽ കമ്പിനിക്ക് നൽകി ബിറ്റുമിൻ വാങ്ങി കോൺട്രാക്ടർക്ക് നൽകണം. ബിറ്റുമിന്റെ ട്രാൻസ്പോട്ടേഷൻ ചിലവ്, കയറ്റിറക്കുകൂലി എന്നിവ ആദ്യഘട്ടത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനം തന്നെ വഹിക്കേണ്ടതാണ്. ബിറ്റുമിന്റെ വില ട്രാൻസ്പോർട്ടേഷൻ ചിലവും കയറ്റിറക്കുകൂലിയും ഉൾപ്പടെ അന്തിമബില്ലിൽ നിന്നും കുറവ് ചെയ്യണം. ഇക്കാര്യത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥന്മാരിൽ നിന്നും ഇനിയും കാലവിളംബം ഉണ്ടായാൽ അതിന്റെ പൂർണ്ണ ഉത്തരവാദിത്വം നിർവ്വഹണ ഉദ്യോഗസ്ഥന്മാർക്കായിരിക്കും. ഇക്കാരണത്താൽ റോഡ് വർക്കുകൾ പൂർത്തിയാകാതെ പോവുകയോ, ബിറ്റുമിൻ വാങ്ങി നൽകാത്തതിന്റെ പേരിൽ റോഡ് വർക്കുകൾ സ്പിൽ ഓവറാകുകയോ ചെയ്താൽ അത്തരം വീഴ്ചകൾക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ കർശനനടപടി സ്വീകരിക്കേണ്ടതാണ്.

(നടപടി- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

*2.2* വരൾച്ചയെ നേരിടുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും ടാങ്കറിൽ കുടിവെള്ള വിതരണം നടത്താവുന്നതാണ്. കുടിവെള്ള വിതരണത്തിനു വരുന്ന ചെലവിന്റെ ബില്ല് അതാതു ജില്ലാകളക്ടർക്ക് സമർപ്പിച്ച് തുക റീഇംപേഴ്സ് ചെയ്തു വാങ്ങണം. ടാങ്കറിൽ കുടിവെള്ളവിതരണം നടത്തുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ഉപയോഗിക്കാൻ പാടില്ല.

*2.2.1* വരൾച്ചയെ തുടർന്നുള്ള കുടിവെള്ളക്ഷാമം പരിഹരിക്കാൻ താഴെപ്പറയുന്ന പ്രവർത്തികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കണം.

*2.1*(i) പൊതുകുടിവെള്ള സ്രോതസ്സുകൾ വൃത്തിയാക്കി സംരക്ഷിക്കുകയും ശുദ്ധജല വിതരണത്തിന് ഉപയുക്തമാക്കുകയും ചെയ്യണം.

*2.1*(ii) പൊതു കുഴൽ കിണർ, തുറന്ന കിണർ ഇവയുടെ കേടുവന്ന മോട്ടോർ, പമ്പ്സെറ്റ് ഇവയുടെ ആവശ്യമായ അറ്റകുറ്റപ്പണികൾ ചെയ്യണം

*2.1* (iii) പൊതു കുഴൽ കുണറുകളും തുറന്ന കിണറുകളും ഉപയോഗപ്രദമാക്കണം.

*2.1* (iv) ചെക്കു ഡാമുകളും തടയണകളും വൃത്തിയാക്കണം

*2.1* (v) തദ്ദേശഭരണ സ്ഥാപനത്തിന്റെ ചുമതലയിലുള്ളതും ഗുണഭോക്തൃ സമിതിയുടെ നിയന്ത്രണത്തിലുള്ളതുമായ കുടിവെള്ള പദ്ധതികളിൽ വൈദ്യുതി കുടിശ്ശിക കാരണം ജല വിതരണം മുടങ്ങി ക്കിടക്കുകയാണെങ്കിൽ വൈദ്യുതി ബന്ധം പുനഃസ്ഥാപിക്കാനും വൈദ്യുതി ബിൽ അടയ്ക്കാനും തുകവകയിരുത്തണം.

*2.1* (vi) അനുയോജ്യമായ സ്ഥലങ്ങളിൽ വാട്ടർ കിയോസ്കുകൾ സ്ഥാപിച്ച് കുടിവെള്ളം ടാങ്കറിലൂടെ എത്തിക്കണം. കിയോസ്കിനുവേണ്ട ടാങ്കുകൾ ഇ-ടെണ്ടറിലൂടെ വാങ്ങണം.

മുകളിൽ പറഞ്ഞവയ്ക്ക് തനത് ഫണ്ടോ പ്ലാൻ ഫണ്ടോ ഉപയോഗിക്കാവുന്നതാണ്.

*2.2.2* തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ജലസ്രോതസ്സ് ദുരുപയോഗം ചെയ്യാതെ സംരക്ഷിക്കുന്നതിന് പ്രത്യേകം ശ്രദ്ധ ചെലുത്തണം.

*2.2.3* വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം തദ്ദേശഭരണ സ്ഥാപനങ്ങൾ ഉറപ്പുവരുത്തണം.

(നടപടി- എൽ.എസ്.ജി.ഡി (എഫ്.എം), (ഡി.എ) വകുപ്പ്)

*2.3* തൃശ്ശൂർ ജില്ലാ പഞ്ചായത്തിന്റേയും പാലക്കാട് ജില്ലാ പഞ്ചായത്തിന്റേയും പദ്ധതി നിർവഹണം അവലോകനം ചെയ്യാൻ ബഹു. തദ്ദേശസ്വയംഭരണ വകുപ്പ്മന്ത്രിയുടെ ആഭിമുഖ്യത്തിൽ പ്രത്യേക വീഡിയോ കോൺഫറൻസിംഗ് *17.02.2017*-ന് രാവിലെ നടത്താൻ തീരുമാനിച്ചു. ജില്ലാതലത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ, ജില്ലാ കളക്ടർമാർ, ജില്ലാ പ്ലാനിംഗ് ഓഫീസർമാർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ, അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാർ എന്നിവർ പങ്കെടുക്കണം.

(നടപടി- എൽ.എസ്.ജി.ഡി (ഡി.ബി) വകുപ്പ്)

*2.4* പദ്ധതി നിർവഹണ പുരോഗതിയിൽ പുറകിൽ നിൽക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം പ്രത്യേകമായി അവലോകനം നടത്തുകയും പുരോഗതിക്ക് തടസ്സമായുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ട ഇടപെടലുകൾ നടത്തുകയും ചെയ്യണം.

നടപടി:- *1)* പഞ്ചായത്ത് ഡയറക്ടർ

*2)* നഗരകാര്യ ഡയറക്ടർ
*3)*ഗ്രാമവികസന കമ്മീഷണർ
(നടപടി- എൽ.എസ്.ജി.ഡി (ഡി.ബി) വകുപ്പ്)

*2.5* തദ്ദേശഭരണ സ്ഥാപനങ്ങളിലെ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട നിൽക്കുന്ന ഉദ്യോഗസ്ഥൻമാർക്കും, ജനപ്രതിനിധികൾക്കും 'കില'യിൽ നടക്കുന്ന പരിശീലനം മാർച്ച് *31* വരെ നിർത്തിവയ്ക്കാൻ തീരുമാനിച്ചു. അത്യാവശ്യ സ്വഭാവമുളള പരിശീലനങ്ങൾ സർക്കാരിനെ അറിയിച്ചു മാത്രമേ നടത്താവൂ.

നടപടി:- *1)* ഡയറക്ടർ, കില

*2.6* ഇനിമുതലുള്ള കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ പങ്കെടുക്കേണ്ടതാണ്.

(നടപടി- എൽ.എസ്.ജി.ഡി (ഡി.എ) വകുപ്പ്)

*2.7* മുൻ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിൽ നിശ്ചയിച്ചതുപോലെ പ്രത്യേക സർക്കാർ ഉത്തരവുകൾ ആവശ്യമില്ലാത്ത വിഷയങ്ങളിന്മേൽ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ ബന്ധപ്പെട്ടവർ സ്വീകരിക്കേണ്ടതാണ്.

(നടപടി- എല്ലാ വകുപ്പുകളും)

*2.8* അംഗൻവാടി വർക്കേഴ്സിനു വർദ്ധിപ്പിച്ച ഓണറേറിയത്തിന്റെ തദ്ദേശഭരണ സ്ഥാപനത്തിന്റെ വിഹിതം നിർബന്ധമായും വകയിരുത്തേണ്ടതാണ്. മതിയായ വിഹിതം വകയിരുത്താത്ത തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രോജക്ട് ഭേദഗതികൾ പരിഗണിക്കേണ്ടതില്ല.

(നടപടി- എൽ.എസ്.ജി.ഡി (ഇ.പി.എ) വകുപ്പ്)

*2.9* സമൂഹ്യനീതി വകുപ്പ് നിർമ്മിക്കുന്ന അങ്കണവാടി കെട്ടിടങ്ങളിൽ കുറഞ്ഞത് *25* ശതമാനമെങ്കിലും FACT *യുടെ* GFRG സാങ്കേതികവിദ്യ ഉപയോഗിച്ച് പിറവം നഗരസഭ യിൽ പണിത അങ്കണവാടി മാതൃകയിൽ നിർമ്മിക്കാൻ ശ്രമിക്കണം.

(നടപടി- സോഷ്യൽ ജസ്റ്റിസ് വകുപ്പ്/ എൽ.എസ്.ജി.ഡി (ഇ.പി.എ) വകുപ്പ്)

*2.10 2017-18* വാർഷിക പദ്ധതി തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട ഗ്രാമസഭകൾ/വാർഡ് സഭകൾ മാർച്ച് രണ്ടാം വാരം മുതൽ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും നടത്തണം. ഇതിന് വ്യപകമായ പ്രചാരണ പരിപാടികൾ നടത്തണം.

*2.10.1* ഗ്രാമസഭയിൽ പരമാവധി പങ്കാളിത്തം ഉറപ്പുവരുത്താൻ പെർഫോർമൻസ് ഓഡിറ്റ് വിഭാഗം ഉദ്യോഗസ്ഥർ, ഗ്രാമവികസന വകുപ്പിലെ ഉദ്യോഗസ്ഥർ, ഇക്കണോമിക്സ് *&* സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിലെ

എക്സ്റ്റൻഷൻ ഓഫീസർ *( പ്ലാനിംഗ് ആന്റ് മോണിട്ടറിംഗ്)* എന്നിവർ പ്രത്യേക ചുമതതല വഹിക്കണം.

**(നടപടി- എൽ.എസ്.ജി.ഡി (ഡി.ഡി) (ഡി.എ) വകുപ്പ്)**

**2.11** സംസ്ഥാന തലത്തിൽ ദൃശ്യ പത്ര മാധ്യമങ്ങളിലൂടെ വ്യാപകമായ പ്രചരണം നടത്താനും ഇതിനായി പബ്ലിക് റിലേഷൻ വകുപ്പിനെ ചുമതലപ്പെടുത്താനും തീരുമാനിച്ചു.

**(നടപടി- 1. തദ്ദേശസ്വയംഭരണ വകുപ്പ്**
**2. പബ്ലിക് റിലേഷൻ വകുപ്പ് ഡയറക്ടർ)**

*2.12* ജനകീയാസൂത്രണ പ്രവർത്തനവുമായി കൂടുതൽ ബന്ധപ്പെട്ടു പ്രവർത്തിക്കുന്നതിന് പെർഫോർമൻസ് ഓഡിറ്റ് വിഭാഗത്തിന്റെ ഉദ്യോഗസ്ഥൻമാരെ ചുമതലപ്പെടുത്തി ക്കൊണ്ടുള്ള ഉത്തരവ് ഉടനെ ഇറക്കാൻ തീരുമാനിച്ചു.

*(നടപടി- സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ )*

*2.13* പച്ചക്കറി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നടീൽ വസ്തുക്കൾക്ക് സബ്സിഡി ന ൽകുന്നത് സംബന്ധിച്ച് മുൻ കോർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങളിന്മേൽ താഴെപ്പറയുന്ന സ്പഷ്ടീകരണം നൽകുന്നു.

എല്ലാത്തരം നടീൽ വസ്തുക്കൾക്കും *(തൈകൾ, വിത്തുകൾ തുടങ്ങിയ ) 100* ശതമാനം സബ്സിഡി നൽകാവുന്നതാണ്. കശുമാവ് ഒഴിച്ചുള്ള ഫലവൃക്ഷതൈകൾക്കും *(ഉദാ. തെങ്ങ്, മാവ്, ജാതി )* അലങ്കാരചെടികൾക്കും ഇതു ബാധകമല്ല.

**(നടപടി- എൽ.എസ്.ജി.ഡി (ഡി.എ) വകുപ്പ്)**

*2.14* പൊതു നിരത്തുകളിലും ജംഗ്ഷനുകളിലും വൈഫൈ സൌകര്യമൊരുക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രോജക്ടുകൾ തയ്യാറാക്കുന്നതായി കാണുന്നു. പൊതു നിരത്തുകളിലും, ജംഗ്ഷനിലും ബസ്സ്റ്റോപ്പുകളിലും മറ്റും വൈഫൈ സൗകര്യം ഒരുക്കുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾ പ്രോജക്ടുകൾ നടപ്പാക്കാൻ പാടില്ല.

**(നടപടി- എൽ.എസ്.ജി.ഡി (ഐ.ബി) (ഡി.എ) വകുപ്പ്)**

*2.15.* ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഗ്രാമപഞ്ചായത്തിൽ നിന്നു ഗുണഭോക്തൃ ലിസ്റ്റ് വാങ്ങി *11.01.2016* ലെ *4/2016/*തദ്ദേശ സ്വയംഭരണ വകുപ്പ് ഉത്തരവിലെ മറ്റുമാനദണ്ഡങ്ങൾക്ക് അനുസൃതമായി പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് ധനസഹായം നൽകാവുന്നതാണ്.

**(നടപടി- എൽ.എസ്.ജി.ഡി (ഡി.എ) വകുപ്പ്)**

2.16. എസ്.ആർ.ജിയുടെ ആഭിമുഖ്യത്തിൽ ശില്പശാലകളും യോഗങ്ങളും നടക്കാറുണ്ട്. അത്തരം യോഗങ്ങളിൽ പങ്കെടുക്കുന്നവർക്കുള്ള ഡ്യൂട്ടി സർട്ടിഫിക്കറ്റ് എസ്.ആർ.ജി. കൺവീനർക്ക് നൽകാവുന്നതാണ്.

**(നടപടി- എസ്.ആർ.ജി)**

2.17 *01.02.2017* ലെ *797/17/*ഫിൻ ഉത്തരവു പ്രകാരം ലോകബാങ്ക് വിഹിതം അധികമായി നൽകി *(unspent* ആയത്*).* ഇതു പ്രകാരം *2016-17* ല് *No change* ആയി കൊണ്ടുവന്ന ലോകബാങ്ക് വിഹിതം വച്ചിട്ടുള്ള സ്പിൽ ഓവർ പ്രോജക്ടുകൾ വാലിഡേഷനിൽ ഉൾപ്പെടുത്തണം*. No change* ആയി കൊണ്ടുവന്ന സ്പിൽ ഓവർ പ്രോജക്ടിൽ മറ്റ് ഫണ്ട് വച്ചിട്ടുണ്ടെങ്കിൽ *(*ഉദാ. സാധാരണ വിഹിതം, ധനകാര്യകമ്മീഷൻ ഗ്രാന്റ് തുടങ്ങിയവ*)* അത് കൂടി വാലിഡേഷനിൽ വരും. എന്നതിനാൽ അപ്രകാരമുള്ള സ്പിൽ ഓവർ പ്രോജക്ടുകളിൽ മുഴുവൻ തുകയും ലോകബാങ്ക് വിഹിതമായി വയ്ക്കേണ്ടതാണ്.

2.18 *2017-18* വാർഷിക പദ്ധതി തയ്യാറാക്കുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഓരോ മേഖലയുടേയും അവസ്ഥാവിശകലനം തയ്യാറാക്കേണ്ടതുണ്ട്. എസ്.ആർ.ജി. യും കിലയും ചേർന്നു തയ്യാറാക്കിയ ഫോറത്തിൽ *(*സഹായി*)* എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും ഇതു തയ്യാറാക്കേണ്ടതാണ്. ഇതിനുള്ള കുറിപ്പിന്റേയും ഫോറത്തിന്റേയും *(*സഹായി*)* സോഫ്റ്റ് കോപ്പി തദ്ദേശഭരണസ്ഥാപനങ്ങൾക്ക് എസ്.ആർ.ജി. നൽകേണ്ടതാണ്. ആവശ്യമുള്ള പകർപ്പുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾ എടുക്കണം.

**(നടപടി- എസ്. ആർ. ജി)**

## 3. പ്രത്യേക വിഷയങ്ങൾ

### 3.1 കടക്കരപ്പള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 18.10.2016 ലെ എ 2-389/16-ാം നമ്പർ കത്തും 30.09.16 ലെ 7 (1), 7(2)-നമ്പർ ഭരണസമിതി തീരുമാനങ്ങളും

**ജില്ലാ ആസൂത്രണസമിതി അംഗീകരിക്കാത്ത താഴെപ്പറയുന്ന പ്രോജക്ടുകൾക്ക് അംഗീകാരം ആവശ്യപ്പെട്ടിരിക്കുന്നു.**

I കേടുവന്ന തെങ്ങ് വെട്ടിമാറ്റി പുതിയ തൈകൾ വയ്ക്കുകയും ചെല്ലി ആക്രമണത്തെ പ്രതിരോധിക്കാൻ തെങ്ങിന്റെ കുമ്പിൽ മരുന്നു പ്രയോഗിക്കലിനു അനുമതി സംബന്ധിച്ച്.

(പ്രോജ.നം. 62/17-അടങ്കൽ 4.00 ലക്ഷം രൂപ .ഇതിൽ 50% ഗുണഭോക്തൃ വിഹിതം)

***തീരുമാനം*** – *അനുമതി നിരസിച്ചു*

II എലി നശീകരണത്തിന് രാസ കീടനാശിനി ഉപയോഗിക്കുന്നതിനു പകരം റെയ്ഡ്കോയിൽ നിന്ന് റാറ്റ് ട്രാപ് (അടിച്ചിൽ) വാങ്ങി കർഷകർക്കു നൽകുന്നതിന് അനുമതി ആവശ്യ പ്പെട്ടിരിക്കുന്നു. (നം. 63/17-അടങ്കൽ 7.50 ലക്ഷം രൂപ. 50% ഗുണഭോക്തൃവിഹിതം)

***<u>തീരുമാനം</u>***– റെയ്ഡ്കോ തന്നെ ഉല്പാദിപ്പിക്കുന്നതാകണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

(നടപടി- എൽ.എസ്.ജി.ഡി (ഡി.എ 1) വകുപ്പ്)

<u>3.2 കോട്ടക്കൽ മുനിസിപ്പൽ ചെയർമാന്റെ 11.01.2017 ലെ കത്ത്.</u>

നഗരസഭയിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ആരംഭിക്കുന്ന ഫിസിയോതെറാപ്പി യൂണിറ്റിൽ താല്കാലികാടിസ്ഥാനത്തിൽ ഫിസിയോ തെറാപ്പിസ്റ്റിനെ നിയമിക്കാനും തനതുഫണ്ടിൽ നിന്നു വേതനം നൽകാനും അനുമതി സംബന്ധിച്ച്.

***<u>തീരുമാനം</u>*** – *എച്ച്.എം.സി. ഫണ്ടിൽ നിന്നും ദിവസവേതനാടി സ്ഥാനത്തിൽ നിയമിക്കാൻ അനുമതി നൽകുന്നു. എച്ച്.എം.സി ഫണ്ടില്ലാതെ വരുമ്പോൾ തനതുഫണ്ട് ഉപയോഗിക്കാവുന്നതാണ്.*

(നടപടി- എൽ.എസ്.ജി.ഡി (ഡി.ബി), (ഡി.സി) വകുപ്പ്)

<u>3.3 ബഹു. തളിപ്പറമ്പ് എം.എൽ.എയുടെ 08.02.2017 ലെ കത്ത്</u>

13-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ സ്വയം തൊഴിൽ സംരംഭകർക്ക് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ നിന്നും സബ്സിഡിയും മറ്റും കൊടുക്കുന്നതിനു പകരം താഴെപ്പറയുന്ന രീതിയിൽ സഹായം നൽകുന്നത് പരിഗണിക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു. തളിപ്പറമ്പ് നിയോജകമണ്ഡലത്തിലെ 7 ഗ്രാമപഞ്ചായത്തു കളിലും മുനിസിപ്പാലിറ്റികളിലും ആരംഭിച്ചിരിക്കുന്ന "സമൃദ്ധി 2017 – സുസ്ഥിര തൊഴിൽ വരുമാനദായക പദ്ധതി" യുടെ ഭാഗമായാണ് ധനസഹായം ആവശ്യപ്പെട്ടിരിക്കുന്നത്.

I തൊഴിൽ സംരംഭകർക്ക് റിവോൾവിംഗ് ഫണ്ട് നൽകാൻ അനുമതി

II സംരംഭക പ്രോത്സാഹന ധനസഹായമെന്ന നിലയിൽ അവരുടെ മൂലധനവായ്പയുടെ പലിശയിൽ അധികരിക്കാത്ത തുക വായ്പ നൽകിയ സ്ഥാപനത്തിലേക്ക് നൽകുക. (മറ്റു ധനസഹായം ലഭിച്ചിട്ടില്ലെങ്കിൽ മാത്രം)

***<u>തീരുമാനം</u>***– *ഇത്തരം നൂതന പ്രോജക്ടുകൾ പരിശോധിക്കുന്നതിനും അംഗീകാരം നൽകുന്നതിനും ജില്ലാ തലത്തിൽ പ്രത്യേകം സംവിധാനം മാർഗ്ഗരേഖയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചു.*

(നടപടി- എൽ.എസ്.ജി.ഡി (ഡി.എ) വകുപ്പ്)

<u>3.4 കൂടരഞ്ഞി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 27.12.2016 ലെ എ 1-111/16-ാം നമ്പർ കത്ത് .</u>

നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റായി 34.17 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. കൈമാറി ക്കിട്ടിയ സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികൾക്ക് ഇത്രയും തുക ആവശ്യമില്ലാത്തതിനാൽ 7.55 ലക്ഷം രൂപ ഉപയോഗിച്ച് താഴെപ്പറയുന്ന പ്രവർത്തികൾ നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

| നമ്പർ | പ്രോ.നം | പ്രോജക്റ്റിന്റെ പേര് | തുക രൂപ |
|---|---|---|---|
| 1 | 136/17 | വാത്തോലികോളനി കുടിവെള്ള ടാങ്ക് | 1,50,000/- |
| 2 | 137/17 | താന്നിക്കുന്ന് കുടിവെള്ളപദ്ധതി | 1,35,000/- |
| 3 | 138/17 | താഴെക്കൂടരഞ്ഞി ലക്ഷംവീട് കുടിവെള്ളം | 3,00,000/- |
| 4 | 141/17 | കരിങ്കുറ്റിപൊതുകുളം നവീകരണം | 50,000/- |
| 5 | 147/17 | താഴെ കൂടരഞ്ഞി സാംസ്കാരിക നിലയം | 50,000/- |
| 6 | 148/17 | മേലെ വഴിക്കടവ് ബസ്റ്റോപ് | 50,000/- |
| 7 | 149/17 | കാരാട്ടുപാറ ബസ് കാത്ത് നിൽപ് കേന്ദ്രം | 20,000/- |

***തീരുമാനം-*** *വരൾച്ചയെ നേരിടുന്നതിന്റെ ഭഗമായി മുകളിൽ പറഞ്ഞ ക്രമനമ്പർ 1 മുതൽ 4 വരെയുള്ള കുടിവെള്ള പ്രോജക്ടുകൾക്ക് മാത്രം താഴെ പറയുന്ന നിബന്ധനയോടെ പ്രത്യേക അനുമതി നൽകുന്നു.*

*I) കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണി ഈ വർഷം ആവശ്യമില്ല എന്ന സെക്രറിയുടെ സാക്ഷ്യപത്രം*

*II) കുടിവെള്ള പ്രോജക്ടുകൾ മാർച്ച് 31-നകം പൂർത്തിയാക്കണം.*

*III) മുകളിൽ പറഞ്ഞതുകയ്ക്ക് തുല്യമായ തുക (6.35 ലക്ഷം രൂപ) അടുത്ത വർഷം പൊതുവിഭാഗം ഫണ്ടിൽ നിന്ന് നോൺറോഡ് മെയിന്റനൻസ് ഫണ്ടായി വകമാറ്റണം.*

**(നടപടി- എൽ.എസ്.ജി.ഡി (ഡി.ബി) വകുപ്പ്)**

3.5 കേരള സ്റ്റേറ്റ് ബുക്ക് മാർക്ക് സാംസ്കാരിക കാര്യവകുപ്പ് സെക്രട്ടറിയുടെ 30.12.2016 ലെ എ/132/കെ.ബി.എം.എസ് നമ്പർ കത്ത്,

സ്വയം നിർമ്മിതമല്ലാത്ത സാധനങ്ങൾ സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് ടെണ്ടർ/ ക്വട്ടേഷൻ വാങ്ങാൻ പാടില്ല എന്ന സർക്കാർ നിർദ്ദേശത്തെ തുടർന്ന് ബുക്ക് മാർക്കിൽ നിന്നും പുസ്തകങ്ങളും മറ്റും വാങ്ങുന്നതിന് ബുദ്ധിമുട്ടുണ്ടാകുന്നു. പ്രീ സ്കൂൾ കിറ്റുകളുടെ വിതരണ ചുമതല ബുക്ക് മാർക്കിൽ നിക്ഷിപ്തമായിരിക്കുന്നത് നിലനിർത്തണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

***തീരുമാനം–*** *ബുക്ക് മാർക്ക് തന്നെ നിർമ്മിക്കുന്ന സാധനങ്ങൾ മാത്രം ക്വട്ടേഷൻ/ടെണ്ടർ കൂടാതെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വാങ്ങാവുന്നതാണ്.*

**(നടപടി- എൽ.എസ്.ജി.ഡി (ഡി.സി3) വകുപ്പ്)**

3.6 മീനടം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 26.11.2016 ലെ എ 3-50/16-ാം നമ്പർ കത്തും 18.11.2016 ലെ 2-ാം നമ്പർ തീരുമാന വും

ജലനിധി കുടിവെള്ള പദ്ധതി നടപ്പാക്കിയപ്പോൾ ജലസ്രോതസായ കുളത്തിനു ചുറ്റുമുള്ള 9 കുടുംബങ്ങളിലെ കിണറ്റിലെ വെള്ളം വറ്റിപ്പോയി. മുൻപ് ജലനിധി പൈപ്പുകണക്ഷന് അപേക്ഷിക്കാതിരുന്ന ഈ കുടുംബങ്ങൾക്ക് പൈപ്പ്ലൈൻ നീട്ടി കുടിവെള്ളമെത്തിക്കാൻ 2.00 ലക്ഷം രൂപ ചെലവഴിക്കാൻ അനുമതി സംബന്ധിച്ച്.

***തീരുമാനം***– *അനുമതി നൽകുന്നു*

(നടപടി- എൽ.എസ്.ജി.ഡി (എഫ്.എം) വകുപ്പ്)

3.7 ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 13.12.16 ലെ കത്തും 17.10.16 ലെ 6-ാം നമ്പർ ഭരണസമിതി തീരുമാനവും.

പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി പണിതു നൽകുന്നതിന് അനുമതി സംബന്ധിച്ച്.

***തീരുമാനം*** - *പൊതുതീരുമാനം ഖണ്ഡിക 15 ബാധകമാണ്.*

(നടപടി- എൽ.എസ്.ജി.ഡി (ഡി.ഡി) വകുപ്പ്)

3.8 മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.01.17 ലെ 1000/16-17/ഡി.പി.സി/ഡി.പി.ഒ/എം.പി.എം. നമ്പർ കത്തും തിരൂരങ്ങാടി ബ്ലോക്കു പഞ്ചായത്തിന്റെ 17.01.17 ലെ II (4)-ാം നമ്പർ ഭരണസമിതി തീരുമാനവും .

പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പഠനമുറി (അടങ്കൽ 41.00 ലക്ഷം രൂപ) എന്ന പ്രോജക്റ്റിന് അനുമതി സംബന്ധിച്ച്

***തീരുമാനം***- *പൊതുതീരുമാനം ഖണ്ഡിക 15 ബാധകമാണ്.*

(നടപടി- എൽ.എസ്.ജി.ഡി (ഡി.ഡി) വകുപ്പ്)

3.9 മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.01.2017 ലെ 1000/16-17/ഡി.പി.സി/ ഡി.പി.ഒ/ എം.പി.എം. നമ്പർ കത്ത്.

പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ചു നൽകുന്നതിന് അനുമതി സംബന്ധിച്ച്

***തീരുമാനം*** – *പൊതുതീരുമാനം ഖണ്ഡി ക 15 ബാധകമാണ്*

(നടപടി- എൽ.എസ്.ജി.ഡി (ഡി.എ) വകുപ്പ്)

3.10 ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 16.01.2017 ലെ കത്ത്.

ബാങ്ക് ലിങ്ക്ഡ് ലോൺ ഇല്ലാതെ ക്ഷീരസംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് (അടങ്കൽ 26.00 ലക്ഷം രൂപ) നൽകാൻ അനുമതി സംബന്ധിച്ച്.

***തീരുമാനം*** – *ബാങ്ക് ലിങ്ക്ഡ് ലോൺ ഉൾപ്പെടുത്തി മാത്രമേ റിവോൾവിംഗ് ഫണ്ടു നൽകാവൂ.*

(നടപടി- എൽ.എസ്.ജി.ഡി (ഡി.ഡി) വകുപ്പ്)

3.11 വൊർക്കാടി ഗ്രാമപഞ്ചായത്തു പ്രസിഡന്റിന്റെ 16.01.17 ലെ എ 2-6000/2016ാം നമ്പർ കത്ത്.

താഴെ പറയുന്ന മൂന്ന് സ്പിൽഓവർ പ്രോജക്ടുകൾ പിശകുമൂലം "ഭേദഗതി ആവശ്യമുള്ളവ" Need Change എന്നു രേഖപ്പെടുത്തുകയും അതിലെ ഫണ്ടുപയോഗിച്ച് മറ്റ് പ്രോജക്ടുകൾക്ക് വകയിരുത്തുകയും ചെയ്തു. അതിനാൽ വാലിഡേഷൻപോയി. ഇത് ക്രമപ്പെടുത്തുന്നത് സംബന്ധിച്ച്.

| | | | |
|---|---|---|---|
| (i) | പ്രോജ. നം. 97/17 | - | മീഡിയാശ്രീ |
| (ii) | പ്രോജ. നം 106/17 | - | അങ്കണവാടി വയറിംഗ് |
| (iii) | പ്രോജ. നം. 101/17 | - | പഞ്ചായത്തിനു മൈക്ക് സെറ്റും എൽ.സി.ഡി. പ്രോജക്ടറും |

***തീരുമാനം*** – *ഇത് സ്പിൽ ഓവറായി തുടരാൻ ഐ.കെ.എം. സോഫ്റ്റ് വെയറിൽ സൗകര്യമില്ല. പുതിയ പ്രോജക്ടായി മീഡിയാശ്രീ (പ്രോ-നം. 97/17) ഉൾപ്പെടുത്താവുന്നതല്ല. ക്രമനമ്പർ (ii) (iii) ഇവ പുതിയ പ്രോജക്ടായി ആവശ്യമെങ്കിൽ തുടരാവുന്നതാണ്.*

**(നടപടി- ഐ.കെ.എം.)**

3.12 ബഹു. തിരുരങ്ങാടി എം.എൽ.എയുടെ 25.01.2017 ലെ കത്തും എടരിക്കോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 03.01.2017 – ലെ കത്തും.

എം.എൽ.എ എസ്.ഡി.എഫ് ഫണ്ടുപയോഗിച്ച് നിർമ്മിച്ച സാംസ്കാരിക നിലയത്തിനു ഫർണിച്ചർ എന്ന പ്രോജക്ടിന് (നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ്) അംഗീകാരം ലഭിച്ചിരുന്നു. പ്രോജക്ട് നിർവ്വഹണത്തിൽ ഇതിൽ താഴെ പറയുന്ന പിശകുകൾ വന്നു. ഇതിന് സാധൂകരണം സംബന്ധിച്ച്

I സാംസ്കാരിക നിലയത്തിനു ഫർണിച്ചർ വാങ്ങാതെ പഞ്ചായത്തോഫീസിൽ ക്യാബിനുകൾ ഫ്രണ്ട് ഓഫീസ് കൗണ്ടർ എന്നിവ സ്ഥാപിച്ചു.

II ഓഫീസിലേക്കും ഫർണിച്ചർ വാങ്ങി. പ്രോജക്ടിൽ സിഡ്കോയിൽ നിന്ന് എന്നാണ് പറഞ്ഞിരുന്നത്. പകരം കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈ സസിൽ നിന്നു വാങ്ങി.

III സാംസ്കാരിക നിലയത്തിനു ഫർണിച്ചർ വാങ്ങാതെ പഞ്ചായത്തു ഓഫീസിനു വാങ്ങി.

IV മെയിന്റനൻസ് ഗ്രാന്റ് സാംസ്കാരിക നിലയത്തിന് ഉപയോഗിക്കാൻ സർക്കാർ അനുമതി നൽകിയിരുന്നു. എന്നാൽ പഞ്ചായത്ത് ഓഫീസിനുവേണ്ടി ഉപയോഗിക്കാൻ അനുമതി വാങ്ങിയില്ല.

***തീരുമാനം*** *പ്രോജക്ട് നിർവ്വഹണത്തിന്റെ എല്ലാ ഘട്ടത്തിലും പിഴവു വരുത്തി എന്ന് യോഗം വിലയിരുത്തി. ഇതു വിശദമായി അന്വേഷിച്ച് നടപടിസ്വീകരിക്കാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി*

**(നടപടി- തദ്ദേശസ്വയംഭരണ വകുപ്പ് (ഡി.എ) വകുപ്പ്)**

3.13 മംഗലം ഗ്രാമഞ്ചായത്തു പ്രസിഡന്റിന്റെ 24.11.17 ലെ എ 2-2609/16-ാം നമ്പർ കത്ത് .

മിക്ക കർഷകർക്കും ബാങ്ക് അക്കൗണ്ട് സഹകരണ ബാങ്കുകളിലാണ്. കാർഷിക പ്രോജക്ടുകളുടെ സബ്സിഡി ഗുണഭോക്താക്കൾക്കു നൽകേണ്ട തുക കൃഷി ഓഫീസറുടെ സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ടിലിട്ടു നൽകുന്നതിനോ പി.ഒ.സി സമ്പ്രദായത്തിൽ നൽകുന്നതിനോ അനുമതി സംബന്ധിച്ച്

***തീരുമാനം*** – *കർഷകർ കോർബാങ്കിംഗ് സൗകര്യമുള്ള ബാങ്കിൽ അക്കൗണ്ട് തുടങ്ങേണ്ടതാണ്. ഇങ്ങനെയുള്ള അക്കൗണ്ടിലേക്ക് തുക കൈമാറാൻ നടപടി സ്വീകരിക്കണം.*

3.14 പെരിനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 24.01.17 ലെ കത്തും 23.01.17 ലെ IV(2)-ാം നമ്പർ ഭരണ സമിതി തീരുമാനവും

വെള്ളിമൺ സാമൂഹ്യ ജലസേചന പദ്ധതിയുടെ കുഴൽ കിണറും ജലസംഭരണിയും പമ്പ് സെറ്റും ഉപയോഗയോഗ്യമാക്കി പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ പദ്ധതി തയ്യാറാക്കാൻ അനുമതി സംബന്ധിച്ച്

***തീരുമാനം*** – *അനുമതി നൽകുന്നു*

(നടപടി- തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്)

3.15 പെരിനാട് ഗ്രാമപഞ്ചായത്തു പ്രസിഡന്റിന്റെ 24.01.2017- ലെ കത്തും 23.01.2017 ലെ IV (1)-ാം നമ്പർ തീരുമാനവും.

വെള്ളിമൺഭാഗത്ത് വേനൽകാലത്ത് ജലക്ഷാമം രൂക്ഷമായതിനാൽ വാഹനം വാടകയ്ക്കെടുത്ത് കുടിവെള്ളമെത്തിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

***തീരുമാനം***– *പൊതുതീരുമാനം ഖണ്ഡിക 2 ബാധകമാണ്.*

(നടപടി- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

3.16 പെരിനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 24.01.2017- ലെ കത്തും 13.01.2017 – ലെ V (5)-ാം നമ്പർ തീരുമാനവും

പാടശേഖരസമിതിക്കു നൽകിയ കാർഷിക ഉപകരണങ്ങൾ, ട്രാക്ടർ എന്നിവയുടെ അറ്റകുറ്റപ്പണിക്ക് പാടശേഖരസമിതിക്ക് ഫണ്ടില്ലാത്തതിനാൽ മറ്റു ഫണ്ടുപയോഗിക്കാൻ അനുമതി സംബന്ധിച്ച് (പ്രോം. 133/17- നിർവ്വഹണ ഉദ്യോഗസ്ഥൻ പഞ്ചായത്തു സെക്രട്ടറി)

***തീരുമാനം*** – *നിർവ്വഹണ ഉദ്യോഗസ്ഥൻ കൃഷി ഓഫീസർ ആയിരിക്കണമെന്ന വ്യവസ്ഥയിൽ തനതുഫണ്ടുപയോഗിച്ച് അറ്റകുറ്റപ്പണി നടത്താം. തനതുഫണ്ടില്ലായെങ്കിൽ നോൺറോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാൻ പ്രത്യേക അനുമതി നൽകുന്നു.*

(നടപടി- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

3.17 ചിറ്റുമലബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 16.01.17 ലെ കത്ത്

വാർഷിക പദ്ധതിയിലെ "കൈതാക്കോടി പാലക്കടവ് കോളനി റോഡ് മെറ്റലിംഗും സംരക്ഷണ ഭിത്തി നിർമ്മാണം" (നം.9/17) എന്ന സ്പിൽ ഓവർ പ്രോജക്ട് പൂർത്തീകരിച്ച് തുകയും നൽകി. അബദ്ധവശാൽ ഭേദഗതി - LB Rejected (സെക്രട്ടറി റിജക്ട് ചെയ്യുന്ന രീതി) എന്ന് എന്റ്റി ആയി. ഇത് പരിഹരിക്കാൻ ആവശ്യപ്പെട്ടിരിക്കുന്നു.

***തീരുമാനം-*** *പുതിയ പ്രോജക്ടായി എടുക്കണം.*

(നടപടി- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്)

3.18 ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 10.02.2017 ലെ കത്ത്.

മിത്രം ഭവന പദ്ധതിക്കായി 2.80 കോടി രൂപ സഹകരണ ബാങ്കിൽ നിന്ന് സർക്കാർ അനുമതിയോടെ വായ്പ എടുത്തിരുന്നു. ഇതിന്റെ മുതൽ തുക വികസനഫണ്ടിൽ നിന്നും പലിശ തനതുഫണ്ടിൽ നിന്നുമാണ് അടയ്ക്കേണ്ടിയിരുന്നത് (10 വർഷം കൊണ്ട്). 2016-17 വർഷം അധികമായി ലഭിച്ച തുക ഉപയോഗിച്ച് ഒരു അധിക ഗഡുകൂടി അടയ്ക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

***തീരുമാനം*** – *മുതൽതുക അധികമായി ലഭിച്ച തുകയിൽ നിന്നും പലിശ തനതുഫണ്ടിൽ നിന്നും അടയ്ക്കാൻ അനുമതി നൽകുന്നു.*

(നടപടി- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

3.19 കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.01.17 ലെ 800/2016-17/ ഡി.പി.സി./ഡി.പി.ഒ/ കണ്ണൂർ നമ്പറായ കത്തും ശ്രീകണ്ഠപുരംനഗരസഭാ ചെയർമാന്റെ 10.01.17 ലെ എ 3-8638/16-ാം നമ്പർ കത്തും .

പുതിയതായി രൂപീകരിച്ച ശ്രീകണ്ഠപുരം നഗരസഭയുടെ 15 സ്പിൽ ഓവർ പ്രോജക്ടുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ മുനിസിപ്പൽ സെക്രട്ടറിയായിരുന്നു. പുതിയതായി ഹെൽത്ത് ഇൻസ്പെക്ടർ നിയമിതനായപ്പോൾ ഈ സ്പിൽ ഓവർ പ്രോജക്ടുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥനായി ഹെൽത്ത് ഇൻസ്പെക്ടറെ നിയമിച്ചു. ഈ മാറ്റം സ്പിൽ ഓവർ പ്രോജക്ടിൽ ചേർത്തപ്പോൾ "ഭേദഗതി സ്പിൽഓവർ പ്രോജക്ടുകൾ" ആയി ഇത് നിർവ്വഹണ ഉദ്യോഗസ്ഥനെ മാത്രം മാറ്റിക്കൊണ്ട് ഭേദഗതിയില്ലാത്ത ഗണത്തിൽപ്പെടുത്തി നിലനിർത്തുന്നതു സംബന്ധിച്ച്.

***തീരുമാനം***– *ഇതു പ്രത്യേകമായി പരിശോധിച്ച് ആവശ്യമായ ക്രമീകരണം നടത്താൻ ഐ.കെ.എം നോട് നിർദ്ദേശിച്ചു.*

(നടപടി- എൽ.എസ്.ജി. (ഡി.സി) ഐ.കെ.എം വകുപ്പ്)

3.20 അംഗനവാടി വർക്കേഴ്സ് & ഹെൽപ്പേഴ്സ് അസോസിയേഷൻ സംസ്ഥാന കമ്മിറ്റി പ്രസിഡന്റിന്റെ 23.01.2017 ലെ കത്ത്

അങ്കണവാടി വർക്കേഴ്സിനു വർദ്ധിപ്പിച്ച ഓണറേറിയത്തിന്റെ പഞ്ചായത്തു വിഹിതം തദ്ദേശഭരണ സ്ഥാപനം നൽകുന്നതു സംബന്ധിച്ച്.

***തീരുമാനം***– *പൊതുതീരുമാനം ഖണ്ഡിക 2.8 ബാധകമാണ്.*

(നടപടി- എൽ.എസ്.ജി. (ഇ.പി.എ) വകുപ്പ്)

<u>3.21പൈവളിക ഗ്രാമപഞ്ചായത്തു പ്രസിഡന്റിന്റെ 10.02.2017- ലെ 77/2017-ാം നമ്പർ കത്ത് .</u>

പഞ്ചായത്തിലെ 5-ാം വാർഡിലെ കൊറഗ പട്ടിക വർഗ്ഗ സങ്കേതത്തിൽ കുടിവെള്ളക്ഷാമമുണ്ട് . നിലവിലെ കുഴൽ കിണറിനോടു ചേർന്ന് മോട്ടോർ, പൈപ്പ് ലൈൻ, ടാങ്ക് ഇവയ്ക്കായി റ്റി.എസ്.പി. വിഹിതമായി 3.00 ലക്ഷം രൂപ വകയിരുത്തിയ പ്രോജക്ടിന് (നം. 150/17) അനുമതി സംബന്ധിച്ച്.

***തീരുമാനം*** – *ഫിസിബിലിറ്റി സർട്ടിഫിക്കറ്റിന്റെയും സോഷ്യൽ മാപ്പിന്റെയും അടിസ്ഥാനത്തിൽ നടപ്പാക്കാൻ അനുമതി നൽകുന്നു.*

(നടപടി- എൽ.എസ്.ജി. (എഫ്.എം) (ഡി.എ) വകുപ്പ്)

<u>3.22 കഞ്ഞഴ പഞ്ചായത്തു പ്രസിഡന്റിന്റെ 09.02.2017 ലെ കത്ത്.</u>

ഗ്രാമപഞ്ചായത്തിലെ പ്രധാന 3 ജംഗ്ഷനുകളായ പത്തനാട്, മുണ്ടത്താനം, പഴക്കാകുളം എന്നീ സ്ഥലങ്ങളിൽ പൊതു ജനങ്ങൾക്കായി സൗജന്യ വൈഫൈ സേവനത്തിനായി വൈഫേ ഹോട്ട് സ്പോട്ടുകൾ സ്ഥാപിക്കാൻ അനുമതി സംബന്ധിച്ച്.

***തീരുമാനം*** – *അനുമതി നിരസിച്ചു.*

(നടപടി- എൽ.എസ്.ജി. (ഡി.എ), (ഐ.ബി) വകുപ്പ്)

<u>3.23 ചാലക്കുടി നഗരസഭയിൽ ചേരി പ്രദേശത്തെ നാല് കുടുംബങ്ങൾക്ക് വീടു വച്ചു നൽകുന്നതിന്മേൽ 28.12.2016-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാന പ്രകാരം -നഗരകാര്യ ഡയറക്ടർ 11.01.2017-ലെ DC4-535/2015-ാം നമ്പറായി സമർപ്പിച്ച റിപ്പോർട്ട് .</u>

2008-09-ൽ യൂണിറ്റൊന്നിന് 3.00 ലക്ഷം രൂപ കണക്കാക്കി കോസ്റ്റ് ഫോർഡിന്റെ എസ്റ്റിമേറ്റ് പ്രകാരം ചേരി പ്രദേശത്തെ നാല് കുടുംബങ്ങൾക്കുള്ള വീടു നൽകുന്ന പദ്ധതി (ഭവന സമുച്ചയം) വഴിതടസ്സം മൂലം നിർമ്മാണം തടഞ്ഞതിനാൽ പണി നടന്നില്ല. 2012-13 —ൽ യൂണിറ്റ് ചെലവ് 4.65 ലക്ഷം രൂപയാക്കുകയും ഇതുപ്രകാരം നിർമ്മാണം തുടങ്ങിയിട്ടുമുണ്ട്. രണ്ടാം നിലയുടെ ലിൻറൽ വരെയായി . വീടൊന്നിന് 3.25 ലക്ഷമേ ആകാവൂ എന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിർമ്മാണം നിർത്തി വച്ചിരിക്കുന്നു. 2012-13-ൽ 4.65 ലക്ഷം രൂപ യൂണിറ്റ് ചെലവിൽ

തയ്യാറാക്കിയ പ്രോജക്ട് ഇപ്പോൾ പൂർത്തിയാക്കാൻ വീണ്ടും എസ്റ്റിമേറ്റ് പുതുക്കി നിർമ്മാണം പൂർത്തിയാക്കാൻ അനുമതി സംബന്ധിച്ച്.

***തീരുമാനം*** – നഗരകാര്യഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് പുതുക്കി നിർമ്മാണം പൂർത്തിയാക്കാൻ പ്രത്യേകമായി അനുമതി നൽകുന്നു. നിർമ്മാണം 3 മാസത്തിനകം പൂർത്തിയാക്കണം. ഇതുപ്രത്യേകമായി നഗരകാര്യജോയിന്റ് ഡയറക്ടർ മോണിറ്റർ ചെയ്യേണ്ടതാണ്.

(നടപടി- എൽ.എസ്.ജി. (ഡി.സി**2**) വകുപ്പ്)

3.24 തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 26.09.2016-ലെ കത്തും 09.03.2016-ലെ 3(5) നമ്പർ തീരുമാനവും (LSGD – DB1/262/2016-LSGD)

വെഞ്ഞാറമ്മൂട്, കൊറ്റാമം എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന കെയർ ഹോമുകൾക്ക് (മാനസിക രോഗ വിമുക്തി നേടിയവരെ പുനരധി വസിപ്പിക്കാനും ഭിന്ന ശേഷിയുള്ളവർക്കും) വികസനഫണ്ടിൽ നിന്നും ദൈനംദിന പ്രവർത്തനത്തിന് ചെലവഴിക്കാൻ (വൃദ്ധ – ഭിന്നശേഷിയുള്ളവർക്ക് മാറ്റി വച്ച തുകയിൽ നിന്ന്) അനുമതി സംബന്ധിച്ച്.

***തീരുമാനം*** – *പ്രത്യേക അനുമതി നൽകുന്നു. എന്നാൽ ഓണറേറിയം , വേതനം എന്നിവയ്ക്ക് തുക വകയിരുത്താൻ പാടില്ല.*

(നടപടി- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

3.25 മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്തു പ്രസിഡന്റിന്റെ 24.12.2016-ലെ കത്ത്

മത്സ്യ മേഖലയിൽ വീട് പുനരുദ്ധാരണം എന്ന പദ്ധതി മാർഗരേഖയിൽ ഇല്ല എന്ന് ചൂണ്ടിക്കാട്ടിക്കൊണ്ട് പൂർത്തിയാക്കിയ, വീട് പുനരുദ്ധാരണ പ്രോജക്റ്റിന്മേൽ ലോക്കൽ ഫണ്ട് ആഡിറ്റ് കുറിപ്പെഴുതിയിരിക്കുന്നു. 2015-16-ൽ ജനറൽ ഫണ്ടിൽ നിന്നും 7.00 ലക്ഷം രൂപ ഇതിനായി ചെലവഴിച്ചതിന് സാധൂകരണം ആവശ്യപ്പെട്ടിരിക്കുന്നു.

***തീരുമാനം***– *സാധൂകരണം നൽകുന്നു. മാർഗ്ഗരേഖ പ്രകാരമുള്ള ധനസഹായം മത്സ്യമേഖലയ്ക്കും നൽകാവുന്നതാണ്.*

(നടപടി- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

3.26 തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 16.01.2017-ലെ P6/3028/16/TDP നമ്പർ കത്ത്

വാർഷിക പദ്ധതിയിൽ ഇന്ററാക്റ്റീവ് മൾട്ടി മീഡിയ, വെബ് ടെക്നോളജി , ഡിപ്ലോമ ഇൻ ഫാഷൻ ടെക്നോളജി എന്നീ പ്രോജക്ടുകൾക്ക് ഡി.പി.സി. അംഗീകാരം ലഭിച്ചിട്ടുണ്ട്. പരിശീലന പരിപാടി ആയതിനാൽ നടപ്പാക്കിയാൽ ബാധ്യത വരുമെന്ന് നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചിരിക്കുന്നു. ഇത് പരിശീലനമല്ല, കോഴ്സാണ് എന്നും അതിനാൽ നിർവഹണത്തിന് അനുമതി നൽകണമെന്നും 'കോഴ്സ് ' എന്ന് എൻട്രി ചെയ്യാൻ സോഫ്റ്റ് വെയറിൽ സൗകര്യം ഒരുക്കണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു.

***തീരുമാനം*** – *ഈ പ്രോജക്ട് നടപ്പാക്കാവുന്നതല്ല.*

(നടപടി- തദ്ദേശസ്വയംഭരണ (ഡി.ബി), ഐ.കെ.എം വകുപ്പ്)

3.27 ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 10.01.2017-ലെ കത്തും 10.01.2017-ലെ 1-ാം നമ്പർ തീരുമാനവും

ഐ.എ.വൈ. പദ്ധതിക്കുവേണ്ടിയുള്ള അക്കൗണ്ടിൽ 1,49,89,797/- രൂപ മിച്ചമുണ്ട്. (പലിശയും വീഴ്ച വരുത്തിയ ഗുണഭോക്താക്കളിൽ നിന്നും തിരികെ പിടിച്ചതുമടക്കം) സർക്കാർ തീരുമാനപ്രകാരം അധികമായി 1.00 ലക്ഷം രൂപ കൂടി കൊടുക്കാനായി 278 ഐ.എ.വൈ ഗുണഭോക്താക്കളുണ്ട്. ഇവർക്ക് ബ്ലോക്ക് വിഹിതമായി (40%) 1,11,20,000/- രൂപയാണ് നൽകേണ്ടത്. ഈ തുക നൽകാനായി അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. കൂടാതെ 2016-17 വാർഷിക പദ്ധതിയിൽ പൊതു വിഭാഗത്തിലെ 44 ഗുണഭോക്താക്കളെയും പട്ടികജാതി വിഭാഗത്തിലെ 184 ഗുണഭോക്താക്കളെയും PMAY പദ്ധതിയിൽ എടുത്തിട്ടുണ്ട്. ഇവർക്ക് മതിയായ തുക വകയിരുത്തിയിട്ടില്ല. മുകളിൽ പറഞ്ഞ തുകയിൽ മിച്ചമുള്ളത് ഈ വർഷത്തെ PMAY പ്രോജക്ടിനു ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്.

***തീരുമാനം*** – *മിച്ചം വന്ന 1,49,89,797 രൂപ ബ്ലോക്ക് പഞ്ചായത്തിനോടൊപ്പം ജില്ലാ/ഗ്രാമ പഞ്ചായത്തിന്റെ കൂടി വിഹിതമായതിനാൽ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് വിഹിതമായി കണക്കാക്കി ഉപയോഗിക്കണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.*

(നടപടി- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്)

3.28 എഴുകോൺ ഗ്രാമപഞ്ചായത്തു പ്രസിഡന്റിന്റെ 02.11.16 ലെ ഇ 3-3304/2016 ാം നമ്പർ കത്തും 31.10.2016 ലെ II (2)ാം നമ്പർ ഭരണസമിതി തീരുമാനവും.

2004 -05 വർഷം നിർമ്മിച്ച ആഡിറ്റോറിയം പൂർത്തീകരിച്ചിരുന്നില്ല. 2012-13 വർഷം ലോകബാങ്ക് വിഹിതമായ 10.00 ലക്ഷം രൂപ ഉപയോഗിച്ച് ചില നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിരുന്നു. കെട്ടിടത്തിന്റെ നിർമ്മാണം സംബന്ധിച്ച പോരായ്മകൾ ചൂണ്ടികാട്ടി (പാർക്കിംഗ് സൗകര്യം ഇല്ല, സൗകര്യപ്രദമായ പ്രവേശന കവാടം ഇല്ല തുടങ്ങിയ കാരണങ്ങളാൽ) ലോക്കൽ ഫണ്ട് ഓഡിറ്റ് ടീം ചെലവ് തടസ്സപ്പെടുത്തിയിരിക്കുകയാണ്. 2016-17 സാമ്പത്തിക വർഷം ലഭിച്ച

പെർഫോർമൻസ് ഗ്രാന്റ് ഉപയോഗിച്ച് പണികൾ പൂർത്തിയാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

***തീരുമാനം-*** *ഇത് എൽ.എസ്.ജി.ഡി ചീഫ് എഞ്ചിനിയർ പരിശോധിച്ച് അടുത്ത കോർഡിനേഷൻ കമ്മിറ്റി യോഗത്തിനു മുമ്പ് റിപ്പോർട്ടു നൽകണം. അതിന്റെ അടിസ്ഥാനത്തിൽ പിന്നീട് തീരുമാനമെടുക്കും.*

(നടപടി- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

3.29 ചിറ്റൂർ - തട്ടമംഗലം മുനിസിപ്പൽ ചെയർമാന്റെ കത്ത്. (06.02.16 ൽ ലഭിച്ചത്)

ലോകബാങ്ക് അധിക ധനസഹായമായി ലഭിച്ച 2.00 കോടി രൂപയ്ക്ക് 2 പ്രോജക്ടുകൾ എടുത്തിരുന്നു. ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ചതാണ്. ഡി.പി.സി. അംഗീകരിച്ചതിന്റെ പ്രൊസീഡിംഗ്സ് ലഭിച്ചില്ല എന്ന കാരണം പറഞ്ഞ് സാങ്കേതികാനുമതി നൽകുന്നില്ല എന്ന് അറിയിച്ചിരിക്കുന്നു. ഈ പ്രവൃത്തി 20.03.2017 നു മുമ്പ് പൂർത്തീകരി ക്കേണ്ടതാണ്. സാങ്കേതികാനുമതി ലഭിക്കാൻ വൈകുന്ന തിനാൽ സമയം ദീർഘിപ്പിച്ചു നൽകുന്നത് സംബന്ധിച്ച്.

***തീരുമാനം*** – *ഡി.പി.സി പ്രൊസീഡിംഗ്സ് കൃത്യമായി നൽകിയിട്ടുള്ളതാണ്. സമയം ദീർഘിപ്പിച്ചു നൽകുന്നില്ല. സാങ്കേതിക അനുമതി പെട്ടെന്നു നൽകുന്നതിന് നിർദ്ദേശം നൽകാൻ എൽ.എസ്.ജി.ഡി ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി.*

(നടപടി- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

3.30 തിരുവനന്തപുരം പട്ടികജാതി വികസന ഓഫീസറുടെ 07.01.2017 ലെ എസ്.സി.പി./52/46/16-ാം നമ്പർ കത്തും 17.02.2016 ലെ 3 (സി) 50-ാം നമ്പർ കൗൺസിൽ തീരുമാനവും .

നഗരസഭയിൽ 2012-13 മുതൽ 2014-15 വരെ പട്ടികജാതി വിഭാഗക്കാർക്ക് വീടുനിർമ്മാണം നടത്തിയതിന് യൂണിറ്റ് കോസ്റ്റ് 2.00 ലക്ഷം രൂപയായിരുന്നു അനുവദിക്കാവുന്നത്. പല വീടുകളും പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. ഇപ്പോൾ ഭവനനിർമ്മാണത്തിന് 3.00 ലക്ഷം രൂപയാണ് അനുവദിക്കാവുന്നത്. ഇനിയും വീട്ടു നിർമ്മാണം പൂർത്തിയാക്കാത്തവർക്കും അവസാന ഗഡു കൈപ്പറ്റാ ത്തവർക്കും പുതിയ നിരക്കായ 3.00 ലക്ഷം രൂപ പ്രകാരം ബാക്കി നൽകാൻ അനുമതി സംബന്ധിച്ച്.

*തീരുമാനം – പട്ടികജാതി വികസന വകുപ്പ നൽകുന്നതുപോലെ പുതിയ യൂണിറ്റ് ചെലവിന് ആനുപാതികമായുള്ള വിഹിതം അവസാനഗഢുവായി നൽകാൻ അനുമതി നൽകുന്നു.*

(നടപടി- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

3.31 നഗര കാര്യ ഡയറക്ടറുടെ 25.10.16 ലെ ഡി.സി. – 23276/2016-ാം നമ്പർ കത്തും നീലേശ്വരം നഗരസഭാ സെക്രട്ടറിയുടെ 04.10.16 ലെ ഇ 1-3563/16-ാം നമ്പർ കത്തും (എൽ.എസ്.ജി.ഡി-ഡി.സി.3/1042/2016-എൽ.എസ്.ജി.ഡി)

നീലേശ്വരം റെയിൽവേ ഫുട്ട് ഓവർ ബ്രിഡ്ജ് പ്ലാറ്റ്ഫോമിൽ നിന്ന് ദീർഘിപ്പിച്ച് നിർമ്മിക്കുന്നതിന് 60,62,902/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി റെയിൽവേ നൽകിയിട്ടുണ്ട്. ഇത് MPLAD ഫണ്ട് ഉപയോഗിച്ചാണ് നിർമ്മിക്കുന്നത്. ഇതിന് സെന്റേജ് തുകയായ 1,21,258/- രൂപ നഗരസഭ നല്കണമെന്ന് അറിയിച്ചിട്ടുണ്ട്. ഈ തുക നൽകാൻ അനുമതി സംബന്ധിച്ച്.

***<u>അഭിപ്രായക്കുറിപ്പ്</u> –*** *അനുമതി നൽകുന്നു.*

(നടപടി- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്)

3.32 <u>ബഹു. വേങ്ങര എം.ൽ.എ യുടെ 24.01.2017 ലെ കത്തും വേങ്ങര ബ്ലോക്കുപഞ്ചായത്ത് പ്രസിഡന്റിന്റെ 21.01.2017 ലെ കത്തും.</u>

വേങ്ങര ബ്ലോക്കു പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഊരകം – നെടുംപറമ്പ് പട്ടികജാതി കോളനി നവീകരണം (6.00 ലക്ഷം രൂപ SCSP) എന്ന പ്രോജക്റ്റിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

***<u>തീരുമാനം</u> –*** *ജില്ലാ പട്ടികജാതി വികസന ഓഫീസർ ഇതു പരിശോധിച്ച് ഫിസിബിൾ ആണ് എങ്കിൽ ഫിസിബിലിറ്റി സർട്ടിഫിക്കറ്റിന്റെയും സോഷ്യൽമാപ്പിന്റേയും അടിസ്ഥാനത്തിൽ നടപ്പാക്കാൻ അനുമതി നൽകുന്നു.*

(നടപടി- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്)

3.33 <u>ബഹു. വേങ്ങര എം.എൽ.എ യുടെ 24.01.2017 ലെ കത്തും വേങ്ങര ബ്ലോക്ക പഞ്ചായത്തു പ്രസിഡന്റിന്റെ 23.01.2017 ലെ ഇ-154/2016-ാം നമ്പർ കത്തും .</u>

വേങ്ങര ബ്ലോക്കു പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള താഴെപ്പറയുന്ന പ്രോജക്റ്റുകൾ നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

1. ആപ്പലതോടിന് സൈഡ് കെട്ടി സംരക്ഷണം (പ്രോ.നം. 35/17, അടങ്കൽ 8.00 ലക്ഷം രൂപ)
   ***<u>തീരുമാനം</u>*** – അനുമതി നിരസിച്ചു
2. പുതുപ്പറമ്പ് പുഞ്ചപ്പാട് കനാൽ ബാക്കി ഭാഗം പൂർത്തിയാക്കൽ (പ്രോ.നം. 12/16 അടങ്കൽ 6.00 ലക്ഷം രൂപ)
   തീരുമാനം – പ്രത്യേക അനുമതി നൽകുന്നു

(നടപടി- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്)

3.34 <u>ഏഴംകുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 24.01.2017 ലെ കത്ത്.</u>

ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കു പരിപാലനത്തിന് ഇലക്ട്രീഷ്യന്റേയും പഞ്ചായത്തിനു സ്വന്തമായുള്ള പിക് അപ് വാൻ ഓടിക്കുന്ന ഡ്രൈവറുടേയും ദിവസവേതനം യഥാക്രമം 500/- രൂപയും 400/-രൂപയുമാണ് നൽകുന്നത്. ഇത് യഥാക്രമം 750/- രൂപയായും 600/- രൂപയായും വർദ്ധിപ്പിച്ചു നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

***<u>തീരുമാനം</u>*** - *മുൻ കോർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം ദിവസ വേതനത്തിനുപകരം പോൾ ഒന്നിനു 100/- രൂപ പ്രകാരം (രണ്ട് പേർക്കും കൂടി ചേർത്ത്)*

*നൽകാവുന്നതാണ്. ഡ്രൈവറെ പ്രത്യേകമായി നിയമിക്കുന്നതിന് പകരം ഇലക്ട്രീഷനെ സഹായിക്കാൻ കഴിയുന്ന ഒരാളെ ഡ്രൈവറായി വയ്ക്കേണ്ടതാണ്.*

(നടപടി- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

3.35 <u>കേരള സംസ്ഥാന വികലാംഗ ക്ഷേമകോർപ്പറേഷൻ ചെയർമാന്റെ 11.01.2017 ലെ 04/എ 3/2017/ കത്ത്.</u>

കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ സാമൂഹ്യനീതി വകുപ്പിന് ആവശ്യമായ സാധനങ്ങൾ വാങ്ങി നൽകുകയാണ് ചെയ്തുകൊണ്ടിരുന്നത്. ഭിന്നശേഷിക്കാർക്കു വേണ്ടി ഉപകരണ ങ്ങൾ വികാലംഗ ക്ഷേമ കോർപ്പറേഷനിൽ നിന്നും ടെണ്ടർ നടപടികൾ ഒഴിവാക്കി വാങ്ങാൻ സാമൂഹ്യനീതി വകുപ്പിനെ അനുവദിക്കുന്നതു സംബന്ധിച്ച്

***<u>തീരുമാനം -</u>*** *സ്ഥാപനം തന്നെ നിർമ്മിക്കുന്ന സാധനങ്ങൾ മാത്രമേ ടെണ്ടർ കൂടാതെ വാങ്ങാൻ പാടുള്ളൂ.*

(നടപടി- സോഷ്യൽ ജസ്റ്റിസ് വകുപ്പ്)

3.36 <u>ബഹു. നെന്മാറ എം.എൽ.എയുടെ 04.01.2017 ലെ കത്തും നെന്മാറ ഗ്രാമപഞ്ചായത്തു പ്രസിഡന്റിന്റെ 24.11.2016 ലെ എ.ഐ.സി.പി/2016- 10-ാം നമ്പർ കത്തും .</u>

നെന്മാറ ഗ്രാമപഞ്ചായത്തിൽ മാലിന്യസംസ്കരണത്തിന് ഗ്രാമപഞ്ചാ യത്ത് 20.00 ലക്ഷം രൂപയും ജില്ലാ പഞ്ചായത്ത് വിഹിതമായി 50.00 ലക്ഷം രൂപയും വക കൊള്ളിച്ച് പ്രോജക്ട് അംഗീകരിച്ചിട്ടുണ്ട്. ഇപ്പോൾ 5 പേരെ താല്ക്കാലികമായി നിയമിച്ചിട്ടുണ്ട്. 15 – പേരെ കൂടി താല്ക്കാലികമായി നിയമിക്കാൻ അനുമതി സംബന്ധിച്ച്.

***<u>തീരുമാനം</u>*** – *വകുപ്പുതലത്തിൽ തീരുമാനമെടുക്കേണ്ടതാണ്*

(നടപടി- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്)

3.37 <u>ബഹു. നെന്മാറ എം.എൽ.എയുടെ 24.01.2017 ലെ കത്തും നെന്മാറ ബ്ലോക്കു പഞ്ചായത്തിന്റെ 07.09.2016 ലെ 4 (5)ാം നമ്പർ ഭരണസമിതി തീരുമാനവും.</u>

2011 – ൽ നെന്മാറ ബ്ലോക്കു പഞ്ചായത്തിന് 16.00 ലക്ഷം രൂപ നിർമ്മൽ പുരസ്കാരമായി ലഭിച്ചിരുന്നു. ഇതിൽ 9.00 ലക്ഷം രൂപ ഉപയോഗിച്ച് 2014-15 ൽ മൂന്നു കുടിവെള്ള പദ്ധതി നടപ്പാക്കി. ബ്ലോക്കു പഞ്ചായത്തിന്റെ നിർമ്മൽ പുരസ്കാര തുക കുടിവെള്ള പദ്ധതികൾക്ക് ഉപയോഗിക്കാവുന്നതല്ല എന്നു ചൂണ്ടിക്കാട്ടി പെർഫോർമൻസ് ഓഡിറ്റ് വിഭാഗം കുറിപ്പെഴുതിയിരിക്കുന്നു. ഇതൊഴിവാക്കി നൽകാൻ തീരുമാനമുണ്ടാകണമെന്നതു സംബന്ധിച്ച്.

***തീരുമാനം***		*സാധൂകരണം നൽകുന്നു.*

*(നടപടി എൽ.എസ്.ജി.ഡി (ഡി.ഡി) വകുപ്പ്)*

3.38 സാമൂഹ്യനീതിവകുപ്പ് ഡയറക്ടറുടെ 18.08.2016 ലെ ICDS/A7/3187/2016 ാം നമ്പർ കത്തും ഉള്ളടക്കം ചെയ്തിരിക്കുന്ന കുറിപ്പും.

2016-17 വർഷം 14.50 ലക്ഷം രൂപ ക്രമത്തിൽ 200 അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും 1.00 ലക്ഷം രൂപ ക്രമത്തിൽ 1370 അങ്കണവാടി കെട്ടിടങ്ങൾ നവീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇതിന് ആകെ 42.7 കോടി രൂപ വേണം. ഇതിനാവശ്യമായ തുക 60:40 എന്ന അനുപാതത്തിൽ സാമൂഹ്യ നീതി വകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിലെ തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെ വിഹിതമായ 17.08 കോടി രൂപ വകയിരുത്തണമെന്ന് ബന്ധപ്പെട്ട തദ്ദേശ ഭരണസ്ഥാപനങ്ങളോട് നിർദ്ദേശിക്കുന്നത് സംബന്ധിച്ച്.

***അഭിപ്രായക്കുറിപ്പ്***		*തെരഞ്ഞെടുക്കപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളുടെ ലിസ്റ്റ് ലഭ്യമാക്കണം. അതനുസരിച്ച് തുക വകയിരുത്താൻ വകുപ്പുതല ത്തിൽ നിർദ്ദേശിക്കുന്നതാണ്.*

*(നടപടി 1.എൽ.എസ്.ജി.ഡി ഇ.പി.എ) വകുപ്പ്*

*2.ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്)*

3.39 തിരുവല്ലാമല ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 03.01.2017 ലെ കത്തും 07.10.16 ലെ 1 (4)-ാം നമ്പർ ഭരണസമിതി തീരുമാനവും (LSGD-DA1/17/2017/(SGD).

ധനകാര്യകമ്മീഷൻ അവാർഡ് വകയിരുത്തി (3.00 ലക്ഷം രൂപ) തിരുവില്വാമല ടൗണിൽ വൈഫൈ സൗകര്യം ഒരുക്കുന്നതിന് പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഇതു നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

***തീരുമാനം -***		*അനുമതി നിരസിച്ചു.*

3.40 ഏഴം കുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 07.02.2017 ലെ കത്തും 30.01.2017 ലെ 1(4) –നമ്പർ ഭരണസമിതി തീരുമാനവും

തെരുവുവിളക്ക് അറ്റകുറ്റപ്പണിക്ക് 20.00 ലക്ഷം രൂപ വികസനഫണ്ടും 5.00 ലക്ഷം തനതുഫണ്ടും ഉൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. (പ്രോ.നം. 87/07) അടിയന്തിരമായി നിർവ്വഹണം നടത്തണമെന്ന ഉദ്ദേശ്യത്തോടെ ഇ-ടെണ്ടർ ഒഴിവാക്കി പത്ര പരസ്യം നൽകി 4,66,599/- രൂപയുടെ സാധനങ്ങൾ വാങ്ങി. ഈ നടപടിക്ക് സാധൂകരണം നൽകണമെന്നും ഈ തുക വികസനഫണ്ടിൽ നിന്നു നൽകാൻ അനുമതി നൽകണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു.

***തീരുമാനം*** – *വീഴ്ച വരുത്തിയ ഉദ്യോഗസ്ഥനോടു വിശദീകരണം ആരായാൻ പഞ്ചായത്തു ഡയറക്ടറെ ചുമതലപ്പെടുത്തി. ഇനിയുള്ള പ്രവർത്തികൾ ഇ-ടെണ്ടറിലൂടെ നടപ്പിലാക്കേണ്ടതാണ്. അഞ്ചു ലക്ഷം രൂപയിൽ താഴെ മാത്രം സാധനങ്ങൾ വാങ്ങിച്ചിട്ടുള്ളു എന്നതിനാൽ പ്രത്യേകമായി സാധൂകരണം നൽകുന്നു.*

*(നടപടി – പഞ്ചായത്ത് ഡയറക്ടർ)*

3.41 <u>ബഹു. കുന്നത്തൂർ എം.എൽ.എയുടെ 09.02.2017-ലെ കത്തും കുന്നത്തൂർ ഗ്രാമപഞ്ചായത്തു സെക്രട്ടറിയുടെ 09.02.2017-ലെ എ 3-1776/17-ാം നമ്പർ കത്തും 30.01.2017 ലെ 1 (8)-ാം നമ്പർ ഭരണസമിതി തീരുമാനവും</u>

പഞ്ചായത്തിൽ നിലയ്ക്കൽ ക്ഷേത്രം – വഞ്ചിമുക്ക്– അയ്യങ്കാളിപ്പടി– ചെട്ടിയാർമുക്ക് റോഡ് കോൺക്രീറ്റിംഗിന് 4.50 ലക്ഷം രൂപ വകയിരുത്തി (SCSP) പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. 120 പട്ടികജാതി വിഭാഗക്കാർ ഇവിടെ താമസിക്കുന്നു. മറ്റ് വിഭാഗക്കാർ ആരും ഇല്ല. ഒരു ഭാഗത്ത് ക്ഷേത്രമായതുകൊണ്ട് ആ ഭാഗത്ത് താമസക്കാർ ആരും ഇല്ല എന്ന കാരണത്താൽ പട്ടികജാതി വികസന ഓഫീസർ ഫിസിബിലിറ്റിസർട്ടിഫിക്കറ്റ് നൽകിയില്ല. പ്രത്യേക അനുമതി സംബന്ധിച്ച്.

***തീരുമാനം*** - *ഇതു പ്രത്യേകമായി പരിശോധിച്ച് നടപടി സ്വീകരിക്കാൻ ജില്ലാ പട്ടികജാതി വിസകന ഓഫീസറെ ചുമതലപ്പെടുത്തി തീരുമാനിച്ചു.*

*(നടപടി – പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ)*

3.42 <u>ബഹു. കൊട്ടാരക്കര എം.എൽ.എ യുടെ 10.02.2017 – ലെ കത്തും വെളിയം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 09.02.17 ലെ കത്തും 23.01.2017 ലെ I (2) നമ്പർ ഭരണ സമിതി തീരുമാനവും.</u>

പഞ്ചായത്തിൽ മുട്ടറ മരുതിമല ഇക്കോ ടൂറിസം പദ്ധതിക്കായി 15.58 ഹെക്ടർ റവന്യൂ പുറമ്പോക്ക് ഭൂമി ഏക്കറിന് 1000/- രൂപ വാർഷിക ഫീസ് ആയി 20 വർഷത്തേക്ക് പഞ്ചായത്തിന് സർക്കാർ കൈമാറിയിട്ടുണ്ട്. ലീസ് തുക നൽകാൻ സൂക്ഷ്മ മേഖലാ കോഡ് അനുവദിക്കുന്നത് സംബന്ധിച്ച്.

***തീരുമാനം*** – *കോഡ് അനുവദിക്കാൻ ഐകെ.എം.ന് നിർദ്ദേശം നൽകുന്നു.*

3.43 <u>ചേന്ദമംഗലം ഗ്രാമപഞ്ചായത്തു പ്രസിഡന്റിന്റെ 05.11.2016 ലെ കത്ത്</u>

ഗ്രാമപഞ്ചായത്തു വിഹിതമായി 6.45 ലക്ഷം രൂപയും ബ്ലോക്കു പഞ്ചായത്തു വിഹിതമായി 19.10 ലക്ഷം രൂപയും വകയിരുത്തി പച്ചക്കറി കൃഷിക്കായി ഗ്രാമം ഹരിതാഭം എന്ന പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. കാർഷിക കർമ്മസേന രൂപീകരിച്ചാണ് പ്രോജക്ട് നടപ്പാക്കുന്നത്. ഇതുമായി ബന്ധപ്പെട്ടു താഴെപ്പറയുന്നവയ്ക്ക് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

(1) കർമ്മ സേനയിൽ ഉൾപ്പെടുത്തുന്ന തൊഴിലാളികൾക്ക് പരിശീലനം നൽകാൻ അനുമതി സംബന്ധിച്ച്

***തീരുമാനം*** – *പരിശീലനം ലഭിച്ച തൊഴിലാളികളെ ഉൾപ്പെടുത്തി കർമ്മസേന രൂപീകരിക്കണം പ്രത്യേകമായി പരിശീലനത്തിനു തുകവകയിരുത്താവുന്നതല്ല.*

(11) കാർഷിക സേനയ്ക്ക് യന്ത്രങ്ങൾ വാങ്ങുന്നതിന് 100 ശതമാനം സബ്സിഡി നൽകാൻ അനുമതി സംബന്ധിച്ച്.

***തീരുമാനം*** – *പരമാവധി75% മാത്രമേ സബ്സിഡി നൽകാൻ പാടുള്ളൂ.*

(111) ഗ്രോബാഗ് കർമ്മസേനയാണ് നിറയ്ക്കുന്നത്. ഇതിന്റെ സബ്സിഡി കർമ്മസേനയ്ക്കു നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

***തീരുമാനം***– *ഗ്രോബാഗിന്റെ സബ്സിഡി ഇതു വാങ്ങുന്ന ഗുണഭോക്താക്കൾക്കാണ് നൽകേണ്ടത് കർമ്മസേനക്കു തന്നെ ഇതിന്റെ സബ്സിഡി ന ൽകാവുന്നതല്ല.*

(നടപടി- തദ്ദേശസ്വയംഭരണ (ഡി.എ) (ഡി.ഡി) വകുപ്പ്)

3.44 കേരളറൂറൽ എംപ്ലോയ്മെന്റ് വെൽഫയർ സൊസൈറ്റി ചെയർമാന്റെ 06.02.2017 ലെ എ/1507/2014-ാം നമ്പർ കത്ത്.

തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ തെരുവ് വിളക്കുകൾ, അനുബന്ധ ഇലക്ട്രിക് ഉപകരണങ്ങൾ തുടങ്ങിയവ കേരള റൂറൽ എംപ്ലോയ്മെന്റ് വെൽഫെയർ സൊസൈറ്റിയിൽ നിന്ന് ടെണ്ടർ കൂടാതെ നേരിട്ടു വാങ്ങുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

***തീരുമാനം*** - *അനുമതി നിരസിച്ചു.*

(നടപടി- തദ്ദേശസ്വയംഭരണ (ഡി..എ) വകുപ്പ്)

3.45 ബഹു. പിറവം എം.എൽ.എയുടെ 25.01.2017 – ലെ കത്തും മണീട് ഗ്രാമപഞ്ചായത്തു പ്രസിഡന്റിന്റെ 07.01.2017 ലെ കത്തും 26.10.16 ലെ 1(3), 21.12.16 ലെ 1(2), 26.10.16 ലെ 1 (5) എന്നീ നമ്പറായുള്ള ഭരണസമിതി തീരുമാനങ്ങളും

താഴെപറയുന്നവയ്ക്ക് പ്രത്യേക അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

1) എസ്.സി.എസ്.പി ഫണ്ടുപയോഗിച്ച് ഈറ്റ ഉല്പന്നങ്ങൾ ഉണ്ടാക്കുന്ന പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് ബാംബൂ കോർപ്പറേഷൻ ലിമിറ്റഡിൽ നിന്ന് ഈറ്റവാങ്ങാൻ അനുമതി സംബന്ധിച്ച്.

***തീരുമാനം*** - *അനുമതി നൽകുന്നു.*

11) കോഴി, കാട, താറാവ് മുതലായ വളർത്തു പക്ഷികൾക്ക് നൽകാവുന്ന സബ്സിഡി തുക 75% മാണ്. ഇത് VAT ഒഴിച്ചുള്ള വിലയ്ക്ക് മാത്രമാണോ എന്ന് സ്പഷ്ടീകരണം നൽകേണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

***തീരുമാനം*** – *VAT കൂടി ചേർന്ന വിലയ്ക്ക് സബ്സിഡി നൽകാവുന്നതാണ്.*

(111) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വിവാഹധനസഹായം 50000/- രൂപ നൽകുന്നുണ്ട്. രക്ഷകർത്താക്കൾ വിവാഹത്തിന് 15 ദിവസം മുൻപോ വിവാഹത്തിന് ശേഷം 90 ദിവസത്തിനകമോ അപേക്ഷിക്കണം എന്നാണ് നിർദ്ദേശം. കഴിഞ്ഞ വർഷങ്ങളിൽ അപേക്ഷിക്കാൻ കഴിയാത്തവർക്കു കൂടി ആനുകൂല്യം ലഭിക്കത്ത ക്കരീതിയിൽ അപേക്ഷാസമയത്തിൽ ഭേദഗതി വരുത്തണമെന്നതു സംബന്ധിച്ച്.

***തീരുമാനം*** – *അനുമതി നിരസിച്ചു.*

**(നടപടി- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)**

3.46 കൊല്ലം ജില്ലാ പഞ്ചായത്തു സെക്രട്ടറിയുടെ 25.01.17 ലെ നമ്പർ കത്തും 28.12.16 കോർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനവും (ഖണ്ഡിക. 3.56)

കൊല്ലം ജില്ലാ പഞ്ചായത്ത് 2013-14, 2014-15 വർഷം 7 പ്രോജക്ടുകളിലായി ആകെ 1,22,47,456/- രൂപ ചെലവഴിച്ചു. ഇതിനെതിരെ അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് വിഭാഗം കുറിപ്പെഴുതിയിട്ടുണ്ട് പഞ്ചായത്ത് രാജ് ആക്ടപ്രകാരം ജില്ലാ പഞ്ചായത്തിന് നടപ്പാക്കാൻ ചുമതലപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളിൽ മണ്ണു സംരക്ഷണം ഉൾപ്പെട്ടിട്ടില്ല എന്ന് ചൂണ്ടിക്കാട്ടിയാണ് കുറിപ്പെഴുതിയിരുന്നത്. ഇത് 28.12.2016 ലെ കോർഡിനേഷൻ കമ്മിറ്റിയിൽ ചർച്ചചെയ്യുകയും ഇതിന്മേൽ വിശദമയ റിപ്പോർട്ടു നൽകാൻ കൊല്ലം ജില്ലാ പഞ്ചായത്തു സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു. സെക്രട്ടറി റിപ്പോർട്ട് നൽകിയിട്ടുണ്ട്.

***തീരുമാനം*** – *i) ബന്ധപ്പെട്ട ഉദ്യോഗസ്ഥനോടു ഇതു സംബന്ധിച്ച് വിശദീകരണം ചോദിക്കാൻ തീരുമാനിച്ചു.*

ii) **2013 – 14, 2014 – 15** വർഷം ചെയ്ത പ്രവർത്തികൾക്ക് സാധൂകരണം നൽകുന്നു.

**iii).** 2015-16 വർഷത്തെ പ്രവൃത്തി നടത്തിയിട്ടില്ലെങ്കിൽ ഇതു തുടങ്ങേണ്ടതില്ല. 2016-17 വർഷങ്ങളിലും ഭാവിയിലും ഇത്തരം പ്രവർത്തികൾ ജില്ലാ പഞ്ചായത്ത് ഏറ്റെടുക്കാവുന്നതല്ല.

(നടപടി- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്)

3.47 മാണിക്കൽ പഞ്ചായത്തു സെക്രട്ടറിയുടെ 10.02.2017 ലെ എ 4/9689/17-ാം നമ്പർ കത്തും ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 14.02.17 ലെ 1944/സി6/2009/SM കത്തും.

പ്ലാസ്റ്റിക് റിസോഴ്സ് റിക്കവറി സെന്ററിന് ശാന്തിഗിരി ആശ്രമം വക 50 സെന്റ് സ്ഥലം 15 വർഷത്തേക്ക് ലീസിനെടുത്ത് പ്രവർത്തനം നടത്താൻ ഉദ്ദേശിച്ചിരിക്കുന്ന പ്രോജക്ടിൽ ശാന്തിഗിരി ആശ്രമവുമായി എഗ്രിമെന്റ് വയ്ക്കാൻ അനുമതി സംബന്ധിച്ച്.

***തീരുമാനം*** – *ഇതു വിശദമായി പരിശോധിച്ച് അടുത്ത കോർഡിനേഷൻ കമ്മിറ്റിക്കു മുമ്പായി റിപ്പോർട്ട് നൽകാൻ പഞ്ചായത്തു ഡയറക്ടറെ ചുമതലപ്പെടുത്തി പിന്നീട് തീരുമാനമെടുക്കും.*

(നടപടി- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്)

3.48 ബഹു. ചെങ്ങന്നൂർ എം.എൽ.എയുടെ 21.02.2017-ലെ CGNR/01/2017-ാം നമ്പർ കത്തും ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 2.01.2017 – ഡി 340/16-ാം നമ്പർ കത്തും .

ഐ.എ.വൈ ഭവന പദ്ധതി പ്രകാരം ലഭിച്ച തുകയുടെ പലിശയായും മറ്റും 1,18,21,017/- രൂപ ബാങ്കിൽ മിച്ചമുണ്ട്. ഈ തുക ഉപയോഗിച്ച് മാരക രോഗം ബാധിച്ചവർ, അഗതികൾ, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർ എന്നിവർക്ക് വീടുവച്ചു നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. IAY മാനദണ്ഡപ്രകാരം ജില്ലാ ഗ്രാമപഞ്ചായത്തുവിഹിതവും ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന വിഹിതമായി അധികം ലഭിക്കേണ്ട വിഹിതത്തിനുപകരമാണ് മുകളിൽ പറഞ്ഞ തുക ഉപയോഗിക്കാൻ അനുമതി ആവശ്യപ്പെട്ടി രിക്കുന്നത്.

***തീരുമാനം*** – *മിച്ചം വന്ന 1,18,21017 രൂപ ബ്ലോക്ക് പഞ്ചായത്തിനോടൊപ്പം ജില്ലാ/ഗ്രാമ പഞ്ചായത്തിന്റെ കൂടി വിഹിതമായതിനാൽ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് വിഹിതമായി കണക്കാക്കി ഉപയോഗിക്കണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.*

(നടപടി- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്)

3.49 ബഹു.വടകര എം.എ ൽ.എ യുടെ 30.01.2017 ലെ കത്തും വടകര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 30.01.2017 ലെ കത്തും.

ബ്ലോക്കു പഞ്ചായത്തിൽ ഒരു മത്സ്യവിപണന കേന്ദ്രവും മത്സ്യസംസ്കരണത്തിനും മറ്റും ഒരു പരിശീലന കേന്ദ്രവും ആരംഭിക്കുന്നതിന് അനുമതി സംബന്ധിച്ച്.

***തീരുമാനം*** – *ഇത്തരം പ്രോജക്ടുകൾ നടപ്പാക്കാവുന്നതാണ്.*

(നടപടി- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്)

3.50 മുനിസിപ്പൽ ചേംബർ ചെയർമാന്റേയും സെക്രട്ടറിയുടേയും 13.02.2017 ലെ കത്ത്. താഴെ പറയുന്ന ആവശ്യങ്ങൾക്ക് അംഗീകാരം സംബന്ധിച്ച്.

(1) മുനിസിപ്പൽ ചെയർമാന്മാർക്ക് ഒരു പേഴ്സണൽ അസിസ്റ്റന്റിനെ നിയമിക്കാനും ചെലവ് തനതുഫണ്ടിൽ നിന്നു ചെലവഴിക്കാനും അനുമതി.

(2) ടെലഫോൺ അലവൻസ് 1000/- രൂപയിൽ നിന്ന് 2000/- രൂപയാക്കി വർദ്ധിപ്പിക്കുക.

(3) അദ്ധ്യക്ഷന്റെ ഓഫീസിൽ ചായ സൽക്കാരത്തിനും മറ്റും 500/- രൂപ എന്നുള്ളത് 3000/- രൂപയാക്കുക.

***തീരുമാനം –*** *വകുപ്പുതലത്തിൽ തീരുമാനമെടുക്കേണ്ടത്.*

(നടപടി- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്)

3.51 ബഹു. റാന്നി എം.എൽ.എ യുടെ 02.02.17 ലെ കത്ത്

വയോജനങ്ങളുടെ മാനസിക ശാരീരിക ഉല്ലാസത്തിനായി വയോജന സൗഹൃദ പദ്ധതിയും വിദ്യാർത്ഥികൾക്കായി നാടിനെ അറിയുക എന്ന പദ്ധതിയും ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തിനു വിധേയമായി നടപ്പാക്കാൻ കഴിഞ്ഞ വർഷം കോർഡിനേഷൻ കമ്മിറ്റി അനുമതി നൽകിയിരുന്നു. ഭാവിയിലും ഇത്തരം പ്രോജക്ടുകൾ നടപ്പാക്കാൻ അനുമതി നൽകണമെന്നത് സംബന്ധിച്ച്.

***തീരുമാനം –*** *ഇത്തരം അനുയോജ്യമായ പ്രോജക്ടുകൾ ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തോടെ നടപ്പാക്കണം.*

(നടപടി- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

3.52 നെന്മേനി ശുദ്ധജലവിതരണസൊസൈറ്റി സെക്രട്ടറിയുടെ 22.12.2016 ലെ കത്ത്.

ശുദ്ധജല വിതരണ പദ്ധതിയിൽ വൈദ്യുതി ബില്ലിൽ വളരെയധികം വർദ്ധനവുണ്ട്. ഇത് ഗുണഭോക്തൃസമിതി മുഖേന ശുദ്ധജലം വിതരണം ചെയ്യുന്ന പദ്ധതികളെ ദോഷമായി ബാധിക്കുന്നുണ്ട്. അതിനാൽ ഗുണഭോക്തൃ സമതി മുഖേന ജലവിതരണ നടത്തുന്ന പദ്ധതികളിലെ വൈദ്യുതി നിരക്ക് ഗാർഹിക നിരക്കിനു തുല്യമായി കുറവു ചെയ്യണമെ ന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

***തീരുമാനം –*** *കെ.എസ്.ഇ.ബിയുടെ പരിഗണനയ്ക്ക് നൽകാൻ തീരുമാനിച്ചു.*

*(നടപടി എൽ.എസ്.ജി.ഡി (ഡി.എ) വകുപ്പ്)*

3.53 <u>ഉണ്ണികുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 09.02.2017 ലെ കത്ത്.</u>

ഓരോ കുടുംബത്തിനും മുട്ടയിടാൻ പാകമായ 20 കോഴി, കൂട്, ഒരു മാസത്തെ തീറ്റ എന്നിവ നൽകി (യൂണിറ്റ് ചെലവ് 18,000/- രൂപ) പഞ്ചായത്തിൽ 194 യൂണിറ്റു ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. പഞ്ചായത്തു തലത്തിൽ കോഴിമുട്ട ഉൽപാദന വിതരണ സംഘം രൂപീകരിക്കുകയാണ് ഉദ്ദേശം. ആകെ അടങ്കൽ 35.92 ലക്ഷം രൂപ. ഇതിൽ 50 ശതമാനം ഗുണഭോക്തൃവിഹിതം / ബാങ്ക് ലോൺ ആണ് പ്രോജക്ട നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

***<u>തീരുമാനം</u>*** – *വ്യാവസായികാടിസ്ഥാനത്തിൽ മുട്ടയുല്പാദനത്തിന് ധനസഹായം നൽകുമ്പോഴുള്ള യൂണിറ്റുചെലവും മറ്റും സംബന്ധിച്ച റിപ്പോർട്ട് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ നൽകേണ്ടതാണ്. തീരുമാനം പിന്നീട് സ്വീകരിക്കുന്നതാണ്.*

(നടപടി- **1.**തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്
**2.**മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ)

3.54 <u>തൃശ്ശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ *17.01.2017* ലെ കത്ത്</u>

നെൽ വിതരണത്തിന് *50* ശതമാനം സബ്സിഡി ഗ്രാമപഞ്ചായത്തിലൂടെ നൽകുന്നതിന് അനുമതി സംബന്ധിച്ച്.

***<u>തീരുമാനം</u>*** – *അനുമതി നൽകുന്നു*

(നടപടി- തദ്ദേശസ്വയംഭരണ വകുപ്പ്)

*3.55* <u>തൃശ്ശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ *17.01.17* ലെ കത്ത്.</u>

എ.ബി.സി. പദ്ധതി നടപ്പാക്കാൻ ജില്ലാ പഞ്ചായത്തു സെക്രട്ടറിയുടേയും നിർവ്വഹണ നിർവ്വഹണ ഉദ്യോഗസ്ഥന്റേയും പേരിൽ സ്പെഷ്യൽ റ്റി.എസ്.ബി. അക്കൌണ്ട് തുടങ്ങാൻ അനുമതി സംബന്ധിച്ച്.

***<u>തീരുമാനം</u>*** – *സംയുക്ത പ്രോജക്ട നടപ്പാക്കുന്നതു സംബന്ധിച്ച്* 23.01.2017 *ലെ* 7/2017/*ഫിൻ സർക്കാർ ഉത്തരവു സംബന്ധിച്ച് സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ട് തുടങ്ങാവുന്നതാണ്.*

(നടപടി- തദ്ദേശസ്വയംഭരണ വകുപ്പ്)

*3.56* <u>തൃശ്ശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ *17.01.2017* ലെ കത്ത്.</u>

ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിൽ ഗുണഭോക്തൃ വിഹിതം ഒഴിവാക്കുന്നതിനു അനുമതി സംബന്ധിച്ച്.

***<u>തീരുമാനം</u>*** – *അനുമതി നിരസിച്ചു*

(നടപടി- തദ്ദേശസ്വയംഭരണ വകുപ്പ്)

*3.57* <u>തൃശ്ശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ *17.01.2017* ലെ കത്ത്.</u>

സംയുക്ത പ്രോജക്ടുകൾ നടപ്പാക്കുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തുകൾക്ക് തുക കൈമാറുന്നതിന് സ്പഷ്ടീകരണം സംബന്ധിച്ച്.

***<u>തീരുമാനം</u>*** – *സംയുക്ത പ്രോജക്ട് നടപ്പാക്കുന്നതിന്* 23.01.2017 *ലെ* 7/2017/*ഫിൻ. നമ്പർ പ്രകാരം വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്.*

(നടപടി- തദ്ദേശസ്വയംഭരണ വകുപ്പ്)

*3.58* <u>തൃശ്ശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ *04.02.2017* ലെ കത്ത്.</u>

തൃശ്ശൂർ ജില്ലാ പഞ്ചായത്തിൽ സെക്രട്ടറിയെ നിയമിക്കുന്നതു സംബന്ധിച്ച്.

***<u>തീരുമാനം –</u>*** *വകുപ്പുതലത്തിൽ തീരുമാനമെടുക്കേണ്ടത്.*

(നടപടി- തദ്ദേശസ്വയംഭരണ വകുപ്പ്)

*3.59* <u>തൃശ്ശൂർ ജില്ലാ പഞ്ചായത്തിന്റെ *27.01.2017* ലെ കത്ത്</u>

ഗ്രാമ പഞ്ചായത്തുകളുമായി ചേർന്ന് നടത്തുന്ന ശ്മശാന നിർമ്മാണം – നവീകരണം എന്ന പ്രോജക്ടിന്റെ നിർവ്വഹണ ഏജൻസിയായി കോസ്റ്റ് ഫോർഡിനെ നിശ്ചയിക്കുന്നതു സംബന്ധിച്ച്.

***<u>തീരുമാനം</u>*** – *ജില്ലാ പഞ്ചായത്ത് തീരുമാനമെടുക്കേണ്ട വിഷയമാണ്*

(നടപടി- തദ്ദേശസ്വയംഭരണ വകുപ്പ്)

3.60 <u>പഴയന്നൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ *27.01.2017* ലെ എ *2/825/17*-ാം നമ്പർ കത്തും *25.01.2017* ലെ *2 (3) (1)* നമ്പർ ഭരണസമിതി തീരുമാനവും</u>

വാർഷിക പദ്ധതിയിലെ ചക്കത്ത് കുന്ന് കോളനി സാംസ്കാരിക നിലയത്തിന് സ്ഥലം, കെട്ടിടം എന്ന സ്പിൽ ഓവർ പ്രോജക്ടിന് സ്പിൽ ഓവർ ആയി നിലനിർത്തികൊണ്ട് *(2016-17* ലെ വാലിഡേഷനിൽ ഉൾപ്പെടാതെ *)* ഭേദഗതി ആവശ്യപ്പെട്ടിരിക്കുന്നു.

***തീരുമാനം*** – *അനുമതി നൽകുന്നില്ല*

(നടപടി- തദ്ദേശസ്വയംഭരണ വകുപ്പ്)

*3.61* കുമ്പളം ഗ്രാമപഞ്ചായത്തിന്റെ *04.02.2017* ലെ *1*-ാം നമ്പർ തീരുമാനം

*2016-17* വാർഷിക പദ്ധതിയിൽ അസ്സി. എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ *15* സ്പിൽ ഓവർ പ്രോജക്ടുകൾ ഭേദഗതി ആവശ്യമില്ലാത്തവയാണ് *( No change)*. ആകെ അടങ്കൽ *37,03,424* രൂപ. ഇത് പിശകുമൂലം മാറ്റം ആവശ്യമുള്ളവ *(Need change)* എന്നു ചേർത്തു. ഇവ മാറ്റമൊന്നും കൂടാതെ നിർവ്വഹണം നടത്തി. ഈ പ്രോജക്ടുകൾ മാറ്റം ആവശ്യമില്ലാത്തവ *(No change)* ഗണത്തിൽ ഐ.കെ.എം സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തി നൽകണമെന്നതു സംബന്ധിച്ച്.

***തീരുമാനം*** – *ആവശ്യമായ ക്രമീകരണം നടത്താൻ ഐ.കെ.എം. നെ ചുമതലപ്പെടുത്തി. ഏതൊക്കെ പ്രോജക്ടുകളാണെന്ന വിവരം പഞ്ചായത്ത് ഐ.കെ.എം ന് നൽകണം.*

(നടപടി- തദ്ദേശസ്വയംഭരണ വകുപ്പ്)

*3.62* നെയ്യാറ്റിൻകര മുനിസിപ്പൽ ചെയർ പേഴ്സന്റെ 09.02.2017 ലെ ഇ *2/3672/16*-ാം നമ്പർ കത്ത് .

*2015-16* – ലെ രാജീവ് ഗാന്ധി ഭവനപദ്ധതി പ്രകാരമുള്ള ബഹുവർഷ ഭവനനിർമ്മാണ പ്രോജക്ടിൽ ഈ വർഷം *2.15* കോടി രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും വകയിരുത്താൻ അനുമതി സംബന്ധിച്ച്.

***തീരുമാനം*** – *അനുമതി നിരസിച്ചു ഭവന നിർമ്മാണത്തിന് ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിക്കാവുന്നതല്ല.*

(നടപടി- തദ്ദേശസ്വയംഭരണ വകുപ്പ്)

*3.63* പെരളശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ *18.01.2017 pt/py/2016-41*-ാം നമ്പർ കത്തും *16.01.2017* ലെ *9/17(1)*ാം നമ്പർ തീരുമാനവും.

സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി *60* ഗുണോക്താക്കൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിന് ധനകാര്യകമ്മീഷൻ ഗ്രാന്റോ തനതുഫണ്ടോ ഉപയോഗിക്കുന്നതിന് അനുമതി സംബന്ധിച്ച്.

***<u>തീരുമാനം</u>*** – *ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിക്കാവുന്നതല്ല. വികസന ഫണ്ടോ തനതുഫണ്ടോ ഉപയോഗിക്കാൻ അനുമതി നൽകുന്നു.*

(നടപടി- തദ്ദേശസ്വയംഭരണ വകുപ്പ്)

*3.64* <u>താനൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ *02.02.17* ലെ *300/16*ാം നമ്പർ കത്തും *28.01.2017* ലെ *1 (1)*-ാം നമ്പർ ഭരണസമിതി തീരുമാനവും</u>

സമൃദ്ധി – എൽപി. സ്കൂൾകുട്ടികൾക്ക് സമഗ്ര ആരോഗ്യപോഷണ പരിപാടിയുടെ ഭാഗമായി *7* സർക്കാർ എൽ.പി. സ്കൂൾ കുട്ടികൾക്ക് കുടുംബശ്രീ യൂണിറ്റുകൾ ന്യൂട്രിമിക്സ് കൊണ്ടുണ്ടാക്കിയ ഭക്ഷണം നൽകിയ വകയിൽ *1.70* ലക്ഷം രൂപ ചെലവഴിച്ചതിന് സാധൂകരണം നൽകണമെന്നുള്ളത് സംബന്ധിച്ചും. തുടർന്നും ഈ പദ്ധതി നടപ്പാക്കാൻ അനുമതി സംബന്ധിച്ചും

***<u>തീരുമാനം</u>*** – *ഇതുവരെ ചെലവഴിച്ച തുക നൽകാൻ അനുമതി നൽകുന്നു. ഭാവിയിൽ ഈ പദ്ധതി തുടരാവുന്നതല്ല.*

(നടപടി- തദ്ദേശസ്വയംഭരണ വകുപ്പ്)

*3.65* <u>ആലപ്പുഴ ജില്ലാ പഞ്ചായത്തിന്റെ *24.11.2016* ലെ പിഎൽ-*4463/16/8*-ാം നമ്പർ കത്ത് .</u>
താഴെപ്പറയുന്ന പ്രോജക്ടുകൾ നടപ്പാക്കേണ്ട അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ *(എസ് & എം)* തസ്തിക ഇല്ലാത്തതിനാൽ ജില്ലാ ശുചിത്വമിഷൻ കോ –ഓർഡിനേറ്ററെ നിർവ്വഹണ ഉദ്യോഗസ്ഥനായി നിശ്ചയിക്കാൻ അനുമതി സംബന്ധിച്ചും

1. ജില്ലാ ആയുർവേദ ഹോസ്പിറ്റലിൽ സീവേജ് ഡിസ്പോസിബിൾ യൂണിറ്റ്
2. മാവേലിക്കര ചെങ്ങന്നൂ ർ ജില്ലാ ആശുപത്രികളിൽ എയ്റോബിക് കമ്പോസിറ്റ് യൂണിറ്റ്

***<u>തീരുമാനം</u>*** – *അനുമതി നൽകുന്നു*

(നടപടി- തദ്ദേശസ്വയംഭരണ വകുപ്പ്)

3.66 <u>പള്ളിവാസൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ *14.02.2017* ലെ *1/17*ാം നമ്പർ കത്തും *23.01.2017* ലെ *8*-ാം നമ്പർ ഭരണ സമിതി തീരുമാനവും</u>

ഗ്രാമപഞ്ചായത്തിലെ *3,4,5,6* വാർഡുകളിൽ കണ്ണൻദേവൻ ഹിൽ പ്ലാന്റേഷൻ വക കമ്പനിവക സ്ഥലത്തെ തെരുവുവിളക്കുകൾ കമ്പനിയുമായുള്ള കരാറിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്താണ് അടയ്ക്കേണ്ടത്. എന്നാൽ ഇപ്പോൾ കരാർ പുതുക്കിയിട്ടില്ല. തെരുവുവിളക്ക് സ്ഥാപിച്ചതും വൈദ്യുതിവിതരണം നടത്തി വരുന്നതും കമ്പനിയാണ്. ഇപ്പോൾ *1,82,639/-* രൂപ വൈദ്യുതി കുടിശ്ശികയുണ്ട്. ഇതടയ്ക്കാൻ അനുമതി സംബന്ധിച്ച്

***<u>തീരുമാനം</u>*** – *കരാർ പുതുക്കിയതിന് ശേഷം അനുമതി നൽകാവുന്നതാണ്*

(നടപടി- തദ്ദേശസ്വയംഭരണ വകുപ്പ്)

3.67 <u>ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ *14.02.2017* ലെ കത്ത്</u>

*1992* ൽ ആരംഭിച്ച മുത്താച്ചിക്കാവ് കുടിവെള്ള പദ്ധതിയുടെ പൈപ്പുകൾ പൊട്ടിപൊളിഞ്ഞു പോയതിനാൽ നോൺ റോഡുമെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് അറ്റകുറ്റപ്പണി നടത്താൻ അനുമതി സംബന്ധിച്ച്.

***<u>തീരുമാനം</u>*** – 31.03.2017 *നു മുമ്പ് പൂർത്തിയാക്കണമെന്ന നിബന്ധനയോടെ നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാൻ പ്രത്യേകഅനുമതി നൽകുന്നു.*

(നടപടി- തദ്ദേശസ്വയംഭരണ വകുപ്പ്)

3.68 കോയിപ്രം ഗ്രാമപഞ്ചായത്ത് സെക്രട്ടറി *14.02.2017* ലെ എച്ച്.സി. *-100/2017*-ലെ കത്തും *10.02.2017* ലെ *II (5)*- നമ്പർ ഭരണ സമിതി തീരുമാനവും

1. താഴെപ്പറയുന്ന രണ്ട് സ്പിൽ ഓവർ പ്രോജക്ടുകൾ ഭേദഗതി ചെയ്യാൻ അനുമതി സംബന്ധിച്ച്.
   1. എസ്.സി. കുടുംബങ്ങൾക്ക് ഫ്ളാറ്റ് നിർമ്മാണം *(*പ്രോ.നം. *15/2017* അടങ്കൽതുക *17,02,620/-* രൂപ *)*
   2. വടക്കേടത്തുപടി ഐക്കരപ്പള്ളി റോഡ് നിർമ്മാണം *(*പ്രോ.നം. *26/17* അടങ്കൽ *3,57,470/-* രൂപ *)*

***<u>തീരുമാനം</u>*** – *അനുമതി നിരസിച്ചു ഭേദഗതി ചെയ്യുകയാണെങ്കിൽ ഈ വർഷത്തെ വാലിഡേഷനിൽ ഉൾപ്പെടുത്തേണ്ടതാണ്.*

(നടപടി- തദ്ദേശസ്വയംഭരണ വകുപ്പ്)

69 <u>ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ *31.01.17* ലെ *PL-4463/16/11*-ാം നമ്പർ കത്ത് .</u>

അരൂർ ഗ്രാമപഞ്ചായത്തിൽ പട്ടികജാതിവിഭാഗത്തിലുള്ളവർക്ക് നിർമ്മിക്കുന്നഫ്ളാറ്റിന് യൂണിറ്റ് ചിലവ് *10* ലക്ഷം രൂപയാണ്. ഇതിനു പ്രത്യേക അനുമതി സംബന്ധിച്ച്

***തീരുമാനം*** - *അനുമതി നിരസിച്ചു.*

(നടപടി- തദ്ദേശസ്വയംഭരണ വകുപ്പ്)

*70* എടത്തുരുത്തി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ *14.02.17* ലെ കത്തും. *10.02.17* ലെ *1 (2)*-ാം നമ്പർ ഭരണസമിതി തീരുമാനവും

കർഷകർക്ക് ജൈവവളം നേരിട്ട് വിതരണം ചെയ്യുന്നതിന് അനുമതി വേണമെന്നതും *28.01.2017* ലെ *246/2017*-ാം സർക്കാർ ഉത്തരവിൽ ഇളവു വേണമെന്നതും സംബന്ധിച്ച്

***തീരുമാനം*** – 28.01.2017 *ലെ നമ്പർ* 246/2017 *തസ്വഭവ സർക്കാർ ഉത്തരവ് പാലിക്കേ ണ്ടതാണ്.*

(നടപടി- തദ്ദേശസ്വയംഭരണ വകുപ്പ്)

*71* വയനാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ *15.11.2016* ലെ *DP3-400/16*-ാം നമ്പർ കത്ത് .

താഴെ പറയുന്ന പ്രോജക്ടുകൾ വെറ്റിംഗ് ഓഫീസർ അംഗീകരിച്ചിട്ടില്ല പ്രത്യേക അനുമതി സംബന്ധിച്ച്.

*i.* തരിശ് രഹിത വയനാട് – യന്ത്രവത്ക്കരണത്തിലൂടെ പട്ടികവർഗ്ഗ യുവാക്കൾക്ക് കാർഷിക യന്ത്രങ്ങൾ നൽകലും പരിശീലനവും *(* പ്രോ.നം. *356/17* – അടങ്കൽ *7* ലക്ഷം രൂപ *)*

*ii.* തരിശ് രഹിത വയനാട് – യന്ത്രവത്ക്കരണത്തിലൂടെ പട്ടികജാതി യുവാക്കൾക്ക് കാർഷിക യന്ത്രങ്ങൾ നൽകലും പരിശീലനവും *(*പ്രോ.നം. *567/17* – അടങ്കൽ *36* ലക്ഷം രൂപ *)*

***തീരുമാനം*** – *അനുമതി നിരസിച്ചു*

(നടപടി- തദ്ദേശസ്വയംഭരണ വകുപ്പ്)

*72* കേരളഗ്രാമപഞ്ചായത്ത് അസോസിയേഷൻ *14.02.2017* ലെ *KGPA/LCM/2017021402*-ാം നമ്പർ കത്ത് .

ടാങ്കറിൽ കുടിവെള്ള വിതരണം നടത്തുന്നതിന് അനുമതി സംബന്ധിച്ച്

***തീരുമാനം*** – *പൊതു തീരുമാനം ഖണ്ഡിക*2 *ബാധകമാണ്.*

(നടപടി- തദ്ദേശസ്വയംഭരണ വകുപ്പ്)

*73* പാലക്കാട് ബ്ലോക്ക പഞ്ചായത്ത് പ്രസിഡന്റിന്റെ *27.12.2016* ലെ കത്ത്.

താഴെപ്പറയുന്ന പ്രോജക്ടുകൾ നടപ്പാക്കുന്നതിന് അനുമതി സംബന്ധിച്ച്

*i.* പ്രോ.നം. *58/17* മുണ്ടൂർ, കേരളശ്ശേരി പാലിയേറ്റീവ് കെയർ യൂണിറ്റുകളിലേക്ക് വാഹനം വാങ്ങ ൽ. അടങ്കൽ *10.50* ലക്ഷം രൂപ

***തീരുമാനം*** – *അനുമതി നിരസിച്ചു വാഹനം വാടകയ്ക്ക് എടുക്കേണ്ടതാണ്.*

ii. പ്രോ.നം. *32/17* മങ്കര ജലനിധി കുടിവെള്ളപദ്ധതിക്ക് ബ്ലോക്ക് വിഹിതം കൈമാറൽ *(*അടങ്കൽ *12.00* ലക്ഷം രൂപ ജനറൽ*)*

***<u>തീരുമാനം</u>*** - *അനുമതി നൽകുന്നു.*

(നടപടി- തദ്ദേശസ്വയംഭരണ വകുപ്പ്)

iii. പ്രോ.നം. *45/17* മങ്കര ജലനിധി കുടിവെള്ള പദ്ധതിക്ക് ബ്ലോക്ക് വിഹിതം കൈമാറൽ *(*അടങ്കൽ *10.00* ലക്ഷം രൂപ എസ്.സി.പി*)*

***<u>തീരുമാനം</u>*** – *ഫിസിബിലിറ്റി സർട്ടിഫിക്കറ്റ് സോഷ്യൽ മാപ്പ് ഇവയുടെ അടിസ്ഥാനത്തിൽ തുക നൽകാൻ അനുമതി നൽകുന്നു.*

(നടപടി- തദ്ദേശസ്വയംഭരണ വകുപ്പ്)

*74* <u>വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ *25.10.16* ലെ *A2-102/16*-ാം നമ്പർ കത്ത്</u>

ടാങ്കർലോറികളിൽ കുടിവെള്ള വിതരണത്തിന് അനുമതി സംബന്ധിച്ച്

***<u>തീരുമാനം</u>*** – *പൊതുതീരുമാനം ഖണ്ഡിക2.2 ബാധകമാണ്.*

(നടപടി- തദ്ദേശസ്വയംഭരണ വകുപ്പ്)

**യോഗത്തിൽ പങ്കെടുത്തവർ**

1 ഡോ. കെ.എൻ. ഹരിലാൽ, മെമ്പർ പ്ലാനിംഗ് ബോർഡ്
2 ശ്രീ. ടി.കെ. ജോസ്, പ്രിൻസിപ്പൽ സെക്രട്ടറി , തദ്ദേശസ്വയംഭരണ വകുപ്പ്
3 പി. ബാലകിരൺ, ഡയറക്ടർ ഓഫ് പഞ്ചായത്ത്
4 എസ്. ഹരികിഷോർ, ഡയറക്ടർ, കുടുംബശ്രീ
5 ഡോ. കെ. വാസുകി , എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
6 ശ്രീ. സാംബശിവ, എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
7 ശ്രീ.എസ്. ദിവാകൻ പിള്ള, സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ
8 ശ്രീ.കെ. മോഹൻ കുമാർ, ജോയിന്റ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
9 ശ്രീ.ബി.കെ. ബലരാജ്, ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്
10 ഡോ.വി.പി. സുകുമാരൻ, ഡെപ്യൂട്ടി പ്രോജക്ട് ഡയറക്ടർ,കെ.എൽ.ജി.എസ്.ഡി.പി

11 ശ്രീ. വി.എസ്. സന്തോഷ് കുമാർ ,     റൂറൽ ഡെവലപ്മെന്റ് കമ്മീഷണർ

**12** ശ്രീ. റ്റി. സുരേഷ് ബാബു. എസ്.ആർ.ജി. മെമ്പർ